www.nerpatham.com | mail@nerpatham.com

# നേർപഥം

## വാരിക

VOL NO: 01 | ISSUE 31 | 2017 AUG 12 | ₹10



# മുസ്‌ലിം കൈരളിയുടെ സ്വാതന്ത്ര്യ സമരാനുഭവങ്ങൾ

## ഇസ്‌ലാമിന്റെ സമാധാന സങ്കൽപം

ബഹുദൈവാരാധനയുടെ രംഗപ്രവേശനം || പെൺകുട്ടികളുള്ള മാതാപിതാക്കളറിയാൻ

WISDOM BOOKS
PUBLISHING ■ DISTRIBUTION
E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
9497714525,9846048393,9895185814

## പുതിയ പുസ്തകങ്ങൾ

1 **വിശ്വാസിയുടെ നമസ്കാരം**
ഫദ്ലുൽ ഹഖ് ഉമരി
പേജ് :126 I വില : 90

2 **ഇസ്‌ലാം നിർഭയത്വത്തിന്റെ മതം**
പി. എൻ. അബ്ദുറഹ്മാൻ
പേജ് :58 I വില : 40

3 **നമസ്കാരത്തിലെ പ്രാർഥനകളും പ്രകീർത്തനങ്ങളും അർഥസഹിതം**
ഡോ. ജലാലുൽ ഹഖ് സലഫി
പേജ് :54 I വില : 40

4 **റമദാൻ: നാം അറിയേണ്ടതും ചെയ്യേണ്ടതും**
അബ്ബാസ് ചെറുതുരുത്തി
പേജ് :48 I വില : 40

5 **ക്വുർആൻ പഠന ക്വിസ്**
ഡോ. പി. കെ. അബ്ദുറസാഖ് സുല്ലമി
പേജ് : 90 I വില : 70

6 **ലാ ഇലാഹ ഇല്ലല്ലാഹ്**
ഫദ്ലുൽ ഹഖ് ഉമരി
പേജ് :104 I വില : 90

7 **ഇസ്‌ലാം അടിസ്ഥാന തത്ത്വങ്ങൾ**
ഇമാം അഹ്മദ് (വിവ: മൂസ സ്വലാഹി കാര)
പേജ് :100 I വില : 90

പ്രീ പബ്ലിക്കേഷൻ ആനുകൂല്യം
**460 രൂപ വില വരുന്ന 7 പുസ്തകങ്ങൾ 350 രൂപക്ക്**

സ്പെഷ്യൽ ഡിസ്കൗണ്ട്
**2460 രൂപയുടെ പുസ്തകങ്ങൾ 2000 രൂപക്ക്**



# നേർപഥം

വാരിക

0031 / 2017 ആഗസ്ത് 12 / 1438 ദുൽക്വഅദ് 19 / പുസ്തകം 01 / ലക്കം 31

## മുസ്‌ലിം കൈരളിയുടെ സ്വാതന്ത്ര്യ സമരാനുഭവങ്ങൾ

അൽത്താഫ് അമ്മാട്ടിക്കുന്ന് / 10

**മുഖമൊഴി**
ഇസ്‌ലാമിന്റെ സമാധാന സങ്കൽപം / 05
എഡിറ്റർ

**ലേഖനം**
പെൺകുട്ടികളുള്ള മാതാപിതാക്കളറിയാൻ / 07
ഹാഷിം കാക്കയങ്ങാട്

**ക്വുർആൻ പഠനം**
മരണത്തിനു ശേഷം...? / 09
ശമീർ മദീനി

**വിവർത്തനം**
ഇസ്‌ലാമിന്റെ മധ്യമ സമീപനം / 14
ശൈഖ് അബ്ദുല്ലാഹ് അൽ ജിബ്‌രീൻ
സ്ത്രീകളും മനുഷ്യരാണ് / 29
ഡോ. അബ്ദുർറസ്സാക്വ് അൽബദർ

**ബാലപഥം**
ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട / 18
റാഷിദ ബിൻത് ഉസ്മാൻ

**കവിത**
കൂട്ടുകൂടുമ്പോൾ / 19
ഉസ്മാൻ പാലക്കാഴി

**ചരിത്രപഥം**
ബഹുദൈവാരാധനയുടെ രംഗപ്രവേശനം / 20
ഹുസൈൻ സലഫി, ഷാർജ

**പരിചയം**
ശൈഖ് നാസിറുസ്സഅദി(റഹി) / 24
മൂസ സ്വലാഹി, കാര

**പാരന്റിംഗ്**
അനുവാദമില്ലാതെ അകത്തു കടക്കരുത്! / 26
അഷ്‌റഫ് എകരൂൽ

**ഹദീസ് പാഠം**
പരിഹസിച്ച് പാപ്പരായവർ / 34
അബൂ ഹൈസം

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design & Layout: Elan Creativo
Cover: Riyas K I mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




### അന്ധവിശ്വാസങ്ങളുണ്ടാക്കുന്ന വിനകൾ ഗൗരവമായി കാണണം

മലപ്പുറം ജില്ലയിലെ കൊളത്തൂർ എന്ന സ്ഥലത്ത് വാഴയിൽ സൈദിന്റെ മൃതശരീരം മറവുചെയ്യാതെ മൂന്ന് മാസത്തോളം വീട്ടിൽ സൂക്ഷിച്ച സംഭവം നിസ്സാരമായി കാണരുത്. ജീവൻ തിരിച്ചുവരുമെന്ന തെറ്റായ ധാരണയാണ് സൈദിന്റെ കുടുംബത്തിന് ഇങ്ങനെ ഒരു ക്രൂരത ചെയ്യാൻ വഴിവെച്ചത്. രാജ്യം എത്ര കണ്ട് പുരോഗമിച്ചാലും, ടെക്നോളജി എത്രയധികം വളർന്നാലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമൂഹത്തിൽ നിന്ന് പാടെ ഉന്മൂലനം ചെയ്യാൻ സാധ്യമല്ലെന്നതിന്റെ സാക്ഷ്യം കൂടിയായി മേൽ സംഭവം.

മുമ്പ്, കർണാടകയിലെ ബാഗൽകോട് എന്ന പ്രദേശത്ത് അസ്‌ലം ബാബ എന്നപേരിൽ മാജിക്ക് ചികിൽസ നടത്തിയ ഒരാളുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ ചികിത്സ കൗതുകകരമാണ്. ബ്രയിൻ ട്യൂമർ, മൂത്രസഞ്ചിയിലെ കല്ല്, വയറ്റിലെ പുണ്ണ് തുടങ്ങിയ രോഗങ്ങൾക്കും ഓപ്പറേഷൻ നടത്തുന്നത് തറയിൽ കിടത്തി ജനങ്ങൾ മുമ്പാകെയാണ്. കത്രികയും വെളുത്ത പേപ്പറും മാത്രമെ ഇയാൾ ഓപ്പറേഷന് ഉപയോഗിക്കാറുള്ളൂ. സർജറിക്ക് അടയാളപ്പെടുത്തിയ ഭാഗം വെള്ളപേപ്പർ നനച്ച് വെക്കും. പിന്നെ അതിന്മേൽ കത്രിക കൊണ്ട് തുളച്ച് കയറ്റുന്നത് പോലെ കാണിക്കും. ഓപ്പറേഷൻ നടക്കുമ്പോൾ രോഗിയെ അബോധാവസ്ഥയിലാക്കുകയുമില്ല. ജനങ്ങൾ ഈ രംഗം മാജിക്ക് പോലെ കണ്ട് രസിക്കും. കത്രിക തിരിച്ചെടുക്കുമ്പോൾ ബാബയുടെ കയ്യിൽ മാംസക്കഷണം കാണാം. തദ്ദേശ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഇടപെട്ട് ഇത് ബാംഗ്ലൂരിലെ ഒരു ലാബിൽ പരിശോധനക്കയച്ചപ്പോൾ കണ്ടത് ശുദ്ധ ഗോമാംസം! സ്റ്റിച്ചിടുന്നതിന് പകരം തുരുമ്പ് പിടിച്ച ഇരുമ്പ് കസേര എടുത്ത് മടക്കി പിടിച്ച് ശക്തിയിൽ ഒരടി കൊടുക്കും, ബാബ. ഇതോടെ ചികിത്സ മുഴുവനും കഴിഞ്ഞു. ആകെ 10 മിനുട്ടാണിതിനെല്ലാം വേണ്ടിവരിക. മുറിവോ അതിന്റെ പാടു പോലുമോ കാണില്ല. നനച്ചുവെച്ച കടലാസിൽ അൽപം ചുകപ്പ് നിറം കാണും. തൽക്ഷണം രോഗിക്ക് പരസഹായമില്ലാതെ സ്ഥലം വിടാം!

ബ്രയിൻ ട്യൂമറിന് ബാബ ഓപ്പറേഷൻ ചെയ്ത ഒറീസയിലെ ദേവീപ്രസാദ് യാദവ് നാട്ടിൽ പോയി സ്‌കാൻ ചെയ്ത് നോക്കുമ്പോൾ ട്യൂമറിന് മാത്രം യാതൊരു മാറ്റവുമില്ല. വെറും 7ാംതരം മാത്രം വിദ്യാഭ്യാസ യോഗ്യതയുള്ള ബാബയുടെ ഈ കപട ചികിത്സയെ ആത്മീയതയുടെ ഭാഗമായി കണ്ടതിനാൽ ആരും പ്രതികരിക്കാൻ ധൈര്യപ്പെട്ടതുമില്ല.

ജൂനിയർ വിക്ടൻ എന്ന തമിഴ് മാഗസിനിന്റെ ലേഖകൻ എസ്.സവർണകുമാർ ബാഗൽകോട് സന്ദർശിച്ച് ബോധ്യപ്പെട്ട കാര്യം മുൻ കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയായിരുന്ന ബഹു: അൻപുമണിയെ നേരിൽ കണ്ട് ബോധ്യപ്പെടുത്തിയതിനാൽ ഇയാളുടെ തട്ടിപ്പ് ചികിത്സയ്ക്ക് അന്ത്യം കുറിച്ചു. സൈദിന്റെ ആത്മാവ് തിരിച്ചുവരുമെന്ന തോന്നലുണ്ടായതും തട്ടിപ്പ് ചികിത്സ നടത്തുന്ന അസ്‌ലം ബാബയെ പുണ്യവാളനായി കരുതുന്നതും അന്ധവിശ്വാസങ്ങളുടെ ഒരേ അളവുകോൽ വെച്ചാണ്.

വടക്കെ ഇന്ത്യയിലുണ്ടായിരുന്ന 'സതി' എന്ന എന്ന ദുരാചാരം നിയമം മൂലം മാത്രമല്ല അപ്രത്യക്ഷമായത്; മറിച്ച് നിരന്തര ബോധവൽക്കരണത്തിലൂടെയായിരുന്നു. സമകാലിക സാഹചര്യത്തിലും അന്ധവിശ്വാസ നിർമാർജനത്തിന് കൃത്യമായ ബോധവൽക്കരണ സംരംഭങ്ങൾ വളർന്ന് വരേണ്ടതുണ്ട്. ഇതിന് മത-രാഷ്ട്രീയ ഭേദമന്യെ സംഘടനകൾ ഒരുമിച്ച് മുന്നിട്ടിറങ്ങണം.

**എം.എ അഹമ്മദ്, തൃക്കരിപ്പൂർ**

## സൃഷ്ടികൾ ക്ഷണിക്കുന്നു

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com,www.nerpatham.com

മുഖമൊഴി

# ഇസ്‌ലാമിന്റെ സമാധാന സങ്കൽപം

സമാധാനമാണ് മനുഷ്യന്റെ ആത്യന്തികമായ തേട്ടം. അതിനെ പൂർണാർഥത്തിൽ ഉൾക്കൊണ്ട്, ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും സമാധാനം കണ്ടെത്താൻ സഹായിക്കുന്ന ദർശനമാണ് ഇസ്‌ലാം. സമ്പൂർണമായി പ്രപഞ്ചനാഥന് സമർപ്പിക്കുന്നതിലൂടെ കരഗതമാകുന്ന സമാധാനത്തിൽ നിന്ന് തുടങ്ങി, സർവരംഗത്തും സമാധാനത്തിന് നിമിത്തമാകുന്ന രൂപത്തിലാണ് ഇസ്‌ലാമിക വിശ്വാസ-കർമ പദ്ധതികൾ സ്രഷ്ടാവ് സംവിധാനിച്ചിട്ടുള്ളത്.

എന്നാൽ അസമാധാനവും അസഹിഷ്ണുതയും സൃഷ്ടിക്കുന്ന തരത്തിൽ വർഗീയ ചേരിതിരിവുകൾ നടന്നുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത്, ഇതിനു മുഴുവനും കാരണമായി ചൂണ്ടിക്കാണിക്കുന്നത് ഇസ്‌ലാമിനെയും മുസ്‌ലിംകളെയുമാണ് എന്നുള്ളത് ഏറെ സങ്കടകരമാണ്. വലിയൊരളവോളം തെറ്റുധരിപ്പിക്കലിലൂടെയാണ് ഈ ധാരണ സമൂഹത്തിൽ രൂപപ്പെടുത്തിയെടുത്തതെങ്കിൽ അൽപം ചില അവിവേകി മുസ്‌ലിം നാമധാരികളുടെ പ്രവർത്തനങ്ങളും ഇതിന് ഹേതുവായി ഭവിച്ചിട്ടുണ്ട് എന്ന വസ്തുത മറച്ച് വെക്കുന്നില്ല.

സൃഷ്ടിപൂജകൾക്കും അല്ലാഹുവല്ലാത്തവരോടുള്ള പ്രാർഥനകൾക്കുമെതിരെ കർശന നിലപാടെടുത്തിട്ടുള്ള മതമാണ് ഇസ്‌ലാം. എന്നാൽ ഇതിലെ നിരർഥകത സൗമനസ്യം അതിന്റെ വക്താക്കൾക്ക് വിവരിച്ചുകൊടുക്കുക എന്നതിലപ്പുറം അവരുടെ ആരാധ്യരെ പരിഹസിക്കാനോ ചീത്ത പറയാനോ ഇസ്‌ലാം അനുവദിക്കുന്നില്ല.

ക്വുർആൻ പറയുന്നു: "അല്ലാഹുവിനു പുറമെ അവർ വിളിച്ച് പ്രാർഥിക്കുന്നവരെ നിങ്ങൾ ശകാരിക്കരുത്. അവർ വിവരമില്ലാതെ അതിക്രമമായി അല്ലാഹുവെ ശകാരിക്കാൻ അത് കാരണമായേക്കും."(6:108)

എന്നാൽ സത്യമതപ്രബോധനത്തിനെതിരെ അക്രമത്തിനു മുതിരാറുള്ള തമസ്സിന്റെ ആളുകളെ ഈ പ്രബോധനം ചൊടിപ്പിക്കുമെന്നതിൽ സംശയമൊന്നുമില്ല. അതിൽ പ്രകോപിതരാകാതെ പക്വമായി പ്രബോധനം തുടരുവാനാണ് ക്വുർആൻ ആവശ്യപ്പെടുന്നത്. "മതകാര്യത്തിൽ നിങ്ങളോട് യുദ്ധം ചെയ്യാതിരിക്കുകയും, നിങ്ങളുടെ വീടുകളിൽ നിന്ന് നിങ്ങളെ പുറത്താക്കാതിരിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളവർക്ക് നൻമ ചെയ്യുന്നതും നിങ്ങളവരോട് നീതി കാണിക്കുന്നതും അല്ലാഹു നിങ്ങളോട് നിരോധിക്കുന്നില്ല. തീർച്ചയായും അല്ലാഹു നീതി പാലിക്കുന്നവരെ ഇഷ്ടപ്പെടുന്നു."(60:8)

സമൂഹത്തിൽ കുഴപ്പങ്ങളും അരാജകത്വങ്ങളും സൃഷ്ടിക്കുന്നത് ഏറെ വെറുക്കുന്നുണ്ട് ഇസ്‌ലാം. തന്റെ സഹോദരന്റെ നേർക്കുള്ള അത്തരം ഏതൊരു നീക്കത്തെയും നിരുൽസാഹപ്പെടുത്താനാണ് പ്രവാചകൻ നിർദേശിക്കുന്നത്. "നിന്റെ സഹോദരൻ അക്രമിയായാലും അക്രമത്തിനിരയായാലും നീ അവനെ സഹായിക്കുക." ഇതുകേട്ട് ഒരാൾ ചോദിച്ചു: "ദൈവദൂതരേ, അക്രമത്തിനിരയായവനെ സഹായിക്കാൻ എനിക്കറിയാം, എന്നാൽ അക്രമിയായാൽ അവനെ എങ്ങനെയാണ് ഞാൻ സഹായിക്കുക?" നബിﷺ പ്രതിവചിച്ചു: "അക്രമത്തിൽ നിന്ന് നീ അവനെ തടയണം. അങ്ങനെയാണ് നീ അവനെ സഹായിക്കേണ്ടത്."(ബുഖാരി, മുസ്‌ലിം)


കൊലയെയും അതിനു സമാനമായ അതിക്രമങ്ങളെയും ശക്തമായി എതിർക്കുന്ന ക്വുർആൻ, ഒരാൾ അന്യായമായി കൊലപാതകം നടത്തിയാൽ അത് ഭൂമിയിലെ മുഴുവൻ മനുഷ്യരെയും കൊന്നതിന് തുല്യമാണെന്നാണ് പഠിപ്പിക്കുന്നത്. "...മറ്റൊരാളെ കൊന്നതിന് പകരമായോ, ഭൂമിയിൽ കുഴപ്പമുണ്ടാക്കിയതിന്റെ പേരിലോ അല്ലാതെ വല്ലവനും ഒരാളെ കൊലപ്പെടുത്തിയാൽ, അത് മനുഷ്യരെ മുഴുവൻ കൊലപ്പെടുത്തിയതിന് തുല്യമാകുന്നു. ഒരാളുടെ ജീവൻ വല്ലവനും രക്ഷിച്ചാൽ, അത് മനുഷ്യരുടെ മുഴുവൻ ജീവൻ രക്ഷിച്ചതിന് തുല്യമാകുന്നു." (5:32)

ചുരുക്കത്തിൽ, പൂർണമായ നീതിയിലധിഷ്ഠിതമായ ആശയങ്ങളാണ് ഇസ്‌ലാം മാനവരാശിക്കു മുമ്പിൽ വെച്ചിരിക്കുന്നത്. എന്നാൽ അതിനെ തെറ്റുധരിപ്പിക്കാൻ കാരണക്കാരാകുന്ന മതത്തിലെ അകത്തും പുറത്തുമുള്ള ശത്രുക്കൾ മേൽവചനങ്ങളെ മനഃപൂർവം തമസ്കരിക്കുകയും ദൈവികവചനങ്ങൾക്ക് സ്വന്തം ഭാഷ്യം ചമയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ഹാഷിം കാക്കയങ്ങാട്
hashimvampan@gmail.com

ലേഖനം

കുടുംബം: അപചയവും പ്രതിവിധിയും: 2



# പെൺകുട്ടികളുള്ള മാതാപിതാക്കളറിയാൻ

**ആ**ൺകുട്ടികളുടെ അവസ്ഥയെക്കുറിച്ച് കഴിഞ്ഞ ലക്കത്തിൽ നാം വിശദീകരിച്ചു. പെൺമക്കളുടെ സഞ്ചാരമാകട്ടെ അതിലേറെ അപകടം പിടിച്ച വഴിയിലൂടെയാണ്. അതിൽ ഏറ്റവും ഭീഷണിയുയർത്തി നിൽക്കുന്നത് പ്രേമം തന്നെയാണ്. തങ്ങളാരാണെന്നും തങ്ങളുടെ ജീവിത ലക്ഷ്യമെന്താണെന്നും മാതാപിതാക്കളും സമൂഹവും തങ്ങളിലർപ്പിച്ച പ്രതീക്ഷകൾ എത്ര മാത്രമാണെന്നുമൊക്കെ അവർ മറന്ന് പോകുന്നു. സ്ഥിരമായി പോകുന്ന ബസ്സിലെ ജീവനക്കാരനെ മുതൽ ഒരേ ക്ലാസിൽ പഠിക്കുന്ന സഹപാഠിയെ വരെ അവർ പ്രേമിക്കുന്നു. പ്രേമിക്കുന്നവരുടെ മതവും പ്രായവുമൊന്നും അവർക്ക് പ്രശ്നമല്ല. കൊച്ച് കൊച്ച് വർത്തമാനങ്ങളിൽ തുടങ്ങി അവസാനം വേർപിരിയാനാവാത്ത വിധം സകലതും കൈമാറിക്കഴിഞ്ഞ ശേഷമാണ് പലപ്പോഴും ഇതിന്റെ ഗൗരവം അവർക്ക് മനസ്സിലാവുക. വീട്ടുകാരാവട്ടെ പലപ്പോഴും പ്രായോഗിക വഴികൾ സ്വീകരിക്കുന്നതിന് പകരം സംഭവം മൂടിവച്ച് നാണക്കേടിൽ നിന്നൊഴിവാകാൻ സ്വീകരിക്കുന്ന കുറുക്ക് വഴികൾ കുട്ടിയെ എന്നെന്നേക്കുമായി നഷ്ടപ്പെടുന്നതിലേക്കെത്തിക്കുകയും ചെയ്യുന്നു. പിൻമാറിയാൽ സകലതും സോഷ്യൽ മീഡിയ വഴി പ്രചരിപ്പിക്കുമെന്ന ഭീഷണി കാരണം കല്യാണത്തിന് നിർബന്ധിതരാകുന്ന കുട്ടികളുമുണ്ട്. അവസാനം കോടതി മുറികളിലെ പൊട്ടിക്കരച്ചിലുകൾക്കും മാതാപിതാക്കളുടെ നെഞ്ച് തകർന്നുള്ള നിലവിളികൾക്കും യാതൊരു വിലയും കൽപിക്കാതെ ഇന്നലെ പരിചയപ്പെട്ടവന്റെ കൂടെ അവൾ ഇറങ്ങിപ്പോവുകയും ചെയ്യുന്നു.

**ആരാണ് കുറ്റക്കാർ?**

വിശുദ്ധ ക്വുർആനും പ്രവാചക വചനങ്ങളും കുടുംബത്തിന്റെ കാര്യത്തിൽ ശ്രദ്ധിക്കാൻ നമ്മെ നിരന്തരം ഉണർത്തുന്നുണ്ട്. കത്തിയാളുന്ന നരകശിക്ഷയിൽ നിന്ന് അവരെ രക്ഷപ്പെടുത്താൻ നാം പണിയെടുക്കേണ്ടത് ജീവിച്ചിരിക്കുമ്പോഴാണ്. അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക...” (ക്വുർആൻ 66:6).

ഇവിടെ ചെയ്യേണ്ടത് ഇവിടെ വച്ച് തന്നെ ചെയ്യണം. പിന്നീടുള്ള വിലാപങ്ങൾ വ്യർഥമായിരിക്കും എന്ന് പ്രത്യേകം ഓർമിക്കേണ്ടതുണ്ട്.

മക്കളുടെ അപഥ സഞ്ചാരത്തിൽ പലപ്പോഴും രക്ഷിതാക്കൾ തന്നെയാണ് ഒന്നാം പ്രതികൾ എന്ന് കാണാൻ കഴിയും. കുട്ടിയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും കൃത്യമായി ഇടപെടൽ നടത്തേണ്ടവരാണ് രക്ഷിതാക്കൾ. 20 വയസ്സാകുമ്പോഴല്ല, ചെറുപ്പത്തിൽ തന്നെ തുടങ്ങണം ഈ ഇടപെടൽ. അവന്റെയും അവളുടെയും ഹൃദയത്തിൽ അല്ലാഹുവും റസൂലും കഴിഞ്ഞാൽ മാതാപിതാക്കളെക്കാൾ വലുതായി ഒരു സൃഷ്ടിയുമില്ല എന്ന ഉറപ്പ് നമുക്കുണ്ടാക്കാൻ സാധിക്കണം. അതിന് വേണ്ടത് കൃത്യമായ വഴി കാണിച്ച് കൊടുക്കലാണ്. ധർമവും അധർമവും നന്മയും തിന്മയുമൊക്കെ കുട്ടിക്ക് കൃത്യമായി പറഞ്ഞ് കൊടുക്കണം. മാതാപിതാക്കൾ കാണാമറയത്താണെങ്കിലും സദാസമയവും നമ്മെ നിരീക്ഷിക്കുന്ന സ്രഷ്ടാവുണ്ടെന്ന ബോധം ചെറുപ്പത്തിലേ അവരുടെ മനസ്സിൽ വളർത്തിയെടുക്കണം. ഇഹലോകജീവിതത്തിന്റെ സുഖാസ്വാദനങ്ങൾക്കപ്പുറം ശാശ്വതമായ സ്വർഗീയ ഭവനമാണ് നമ്മുടെ മുഖ്യ ലക്ഷ്യമെന്ന് അവർക്ക് പറഞ്ഞ് മനസ്സിലാക്കിക്കൊടുക്കണം. നിഷിദ്ധമായ ഒരു നോട്ടമോ ചലനമോ സംസാരമോ പോലും ഏറ്റവും വലിയ പാപങ്ങളിൽ പെട്ട വ്യഭിചാരത്തിന്റെ കൂട്ടത്തിലാണ് പ്രവാചകർﷺ എണ്ണിയിട്ടുള്ളതെന്ന് അവർക്ക് പഠിപ്പിക്കണം. ലുക്മാൻ(عليه السلام) തന്റെ മകന് കൊടുത്ത ഉപദേശങ്ങളുടെ പ്രസക്തി അവരുടെ മനസ്സകങ്ങളിൽ ഒരു ജ്വാലയായി കത്തിച്ച് വെക്കണം. അതോടൊപ്പം തങ്ങളുടെ ഏത് കാര്യങ്ങളും തുറന്ന് പറയാൻ കഴിയുന്ന രീതിയിൽ ഒരാത്മബന്ധം മക്കളും മാതാപിതാക്കളും തമ്മിലുണ്ടായിരിക്കണം.

**നമ്മളിൽ ചിലർ ചെയ്യുന്നതോ?!**

സ്കൂൾ വിദ്യാഭ്യാസത്തിന് എത്ര സമയവും പണവും ചെലവഴിക്കാൻ യാതൊരു മടിയുമില്ലാത്ത നമ്മൾ ആഴ്ചയിലൊരിക്കൽ ഒരു മണിക്കൂറെങ്കിലും അവരെ ധാർമികവിദ്യ നുകരുന്നതിന് വിട്ട് തരണമെന്ന് ആരെങ്കിലും ആവശ്യപ്പെട്ടാൽ നൂറുകൂട്ടം ഒഴിവ് കഴിവുകൾ പറഞ്ഞ് അതിനെ മുടക്കും. സ്റ്റഡി ടൂറെന്ന പേരിൽ പ്രായപൂർത്തിയായ ആണും പെണ്ണുമടങ്ങുന്ന ടീമിൽ ഒന്നും രണ്ടും ദിവസം നീണ്ട് നിൽക്കുന്ന വിനോദയാത്രക്ക് മക്കളെ പറഞ്ഞയക്കുമ്പോഴും പലരും അതിന്റെ ഭവിഷ്യത്തുകളെ കുറിച്ച് ചിന്തിക്കുന്നേയില്ല.

കുട്ടികളുടെ കൂട്ടുകെട്ട് ആരുമായിട്ടാണെന്നോ കലാലയങ്ങളിൽ അവരുടെ പെരുമാറ്റമെങ്ങനെയാണെന്നോ നാം അന്വേഷിക്കാറുണ്ടോ? സ്പെഷ്യൽ ക്ലാസുകളുടെ പേര് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങുന്ന കുട്ടി ക്ലാസിന് തന്നെയാണോ പോയിട്ടുള്ളത് എന്ന് ഒരിക്കലെങ്കിലും വിളിച്ച് ചോദിച്ചിട്ടുണ്ടോ നമ്മൾ?

വില കൂടിയ മൊബൈൽ ഫോണും അതിൽ നെറ്റ് കണക്ഷനും ഉപയോഗിക്കാൻ എല്ലാ സൗകര്യങ്ങളുമൊരുക്കിക്കൊടുത്ത് സകല വൃത്തികേടുകളുടെയും വാതിൽ മക്കൾക്ക് തുറന്ന് കൊടുക്കുന്നവർ പിന്നീട് വിലപിച്ചിട്ട് ഒരു കാര്യവുമുണ്ടാവുകയില്ല. പുതപ്പിനടിയിൽ ചുരുണ്ട് കൂടി രാത്രി പുലരുവോളം തീർത്തും അന്യരും നിഷിദ്ധരുമായ ആൾക്കാരുമായി നമ്മുടെ മക്കൾ ചാറ്റിംഗ് നടത്തുന്നത് നാമറിയുന്നേയില്ല. അഥവാ അറിഞ്ഞാൽ തന്നെ അതിന് കടിഞ്ഞാണിടാൻ പലപ്പോഴും നാം അശക്തരായിരിക്കും. അത്രത്തോളം ലാളിച്ച് വഷളാക്കിയിട്ടുണ്ടാകും നാമവരെ!

പെൺമക്കളുടെ വസ്ത്രധാരണവും അവരുടെ അപചയത്തിൽ പ്രധാന പ

**മക്കളുടെ അപഥ സഞ്ചാരത്തിൽ പലപ്പോഴും രക്ഷിതാക്കൾ തന്നെയാണ് ഒന്നാം പ്രതികൾ എന്ന് കാണാൻ കഴിയും. കുട്ടിയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും കൃത്യമായി ഇടപെടൽ നടത്തേണ്ടവരാണ് രക്ഷിതാക്കൾ. 20 വയസ്സാകുമ്പോഴല്ല, ചെറുപ്പത്തിൽ തന്നെ തുടങ്ങണം ഈ ഇടപെടൽ. അവന്റെയും അവളുടെയും ഹൃദയത്തിൽ അല്ലാഹുവും റസൂലും കഴിഞ്ഞാൽ മാതാപിതാക്കളെക്കാൾ വലുതായി ഒരു സൃഷ്ടിയുമില്ല എന്ന ഉറപ്പ് നമുക്കുണ്ടാക്കാൻ സാധിക്കണം.**

ങ് വഹിക്കുന്ന ഘടകമാണ്. ഇസ്‌ലാം കർശനമായി വിലക്കിയ രീതിയിലുള്ള ഇറുകിയതും ശരീരത്തിന്റെ നിമ്നോന്നതികൾ എടുത്ത് കാണിക്കുന്നതുമായ വസ്ത്രം അവർക്കെടുത്ത് കൊടുക്കുന്ന രക്ഷിതാക്കൾ ശാശ്വത നരകത്തിലേക്കാണ് അവരെ തള്ളിയിടുന്നതെന്ന കാര്യം ഗൗരവമായ ചിന്തകൾക്ക് വിധേയമാകേണ്ടതുണ്ട്. വസ്ത്രം ധരിച്ചിട്ടും നഗ്നകളാണെന്നും സ്വർഗത്തിന്റെ വാസന പോലും അവർക്ക് നിഷിദ്ധമാണെന്നും പ്രവാചകൻﷺ മുന്നറിയിപ്പ് നൽകിയ വിഭാഗത്തിൽ നമ്മുടെ മക്കളും പെട്ട് പോകുമോ എന്ന് നാം ഭയപ്പെടേണ്ടതുണ്ട് . ആരാധനകളുടെ കാര്യത്തിൽ കണിശ സ്വഭാവം പുലർത്തുന്ന പലരും ഈ മേഖലയിൽ പരാജയപ്പെടുന്നു എന്നത് ഒരു വലിയ ദുരന്തം തന്നെയാണ്.

തന്നെ മക്കളുടെ പിടിവിട്ട പോക്ക് നിയന്ത്രിക്കുവാൻ ഒറ്റമൂലിയൊന്നുമില്ല എന്ന തിരിച്ചറിവ് നമുക്കുണ്ടായേ തീരൂ. ആണായാലും പെണ്ണായാലും അവരെ വളർത്തേണ്ട രീതിയിൽ വളർത്തുക തന്നെയാണ് അവരെ നമ്മുടേതാക്കി മാറ്റുവാനുള്ള ഏക പോം വഴി. സ്ത്രീ പുരുഷന്മാർ തമ്മിൽ പാലിക്കേണ്ട അകലം കൃത്യമായി പാലിക്കുവാൻ മക്കളെ പരിശീലിപ്പിക്കുക. സംസാരം, നോട്ടം, പെരുമാറ്റം തുടങ്ങിയവയിലൂടെയൊന്നും ഒരാൾക്കും തന്റെ രഹസ്യ ജീവിതത്തിലേക്ക് കടന്ന് വരാനുള്ള  ഒരു പഴുതും കൊടുക്കാതിരിക്കാൻ അവരെ പ്രാപ്തരാക്കുക. അതോടൊപ്പം മക്കളെ നിരന്തരം നിരീക്ഷിച്ച് കൊണ്ടിരിക്കുക. മറ്റുള്ളവരുടെ മക്കളുടെ നൂറ് കൂട്ടം ന്യൂനതകൾ കണ്ടെത്തി അത് പരസ്യപ്പെടുത്തുന്നതിൽ പ്രത്യേക ഹരം കണ്ടെത്തുന്നവർ സ്വന്തം മക്കളെ കണ്ണുമടച്ച് വിശ്വസിക്കുന്നു. അവസാനം വേലി പൊട്ടിച്ച് മക്കൾ പുറത്ത് ചാടുമ്പോഴായിരിക്കും അവർക്ക് ബോധം വരിക. ഈയൊരവസ്ഥയിൽ നിന്നും അല്ലാഹു നമ്മെ കാത്ത് രക്ഷിക്കട്ടെ. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ചുവരെഴുത്ത്**
**ആയിശ(റ)യും അഹ്‌ലുബൈത്തും**
**അബ്ദുൽ ജബ്ബാർ മദീനി**
14.08.17 തിങ്കൾ 8:20 PM
15.08.17 ചൊവ്വ 8:20 AM, 12:20 AM

**ആരോഗ്യ വിചാരം**
**അത്യാഹിതങ്ങൾ, ഭാഗം: 7**
**മുങ്ങി മരണം**
**ഡോ. യാസിർ ചോമയിൽ, ഡോ. അബ്ദുൽ മാലിക്**
14.08.17 തിങ്കൾ 9:00 PM, 11:15 PM
15.08.17 ചൊവ്വ 10:30 AM

**ഇ.മദ്രസ**
**സത്യവിശ്വാസികളുടെ അഭിവാദ്യം**
**ജംഷീർ  സ്വലാഹി**
16.08.17 ബുധൻ 7:20 AM, 06:05 PM

**തിരുനബിയോടൊപ്പം**
**എനിക്ക് അല്ലാഹു പൊറുത്തു തരുമോ...?**
**ഷഫീഖ് സ്വലാഹി**
16.08.17 ബുധൻ, 6:35 PM, 10:40 PM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, ഭാഗം: 67**
**അലി(റ)വിനെക്കുറിച്ച് നബിﷺ പ്രവചനം**
**അബൂബക്കർ സലഫി**
17.08.17 വ്യാഴം 4:30 PM, 9:30 PM
18.08.17 വെള്ളി 9:30 PM

**ഇൻസൈറ്റ്**
**സ്രഷ്ടാവിനെ എങ്ങനെ അറിയണം?**
**ഇഖ്ബാൽ കൊല്ലം**
17.08.17 വ്യാഴം 07:05 AM, 07:00 PM
18.08.17 വെള്ളി 02:55 PM

**സ്നേഹക്കൂട്**
**പിറുപിറുക്കുന്ന ദമ്പതിമാർ; പിരിയുന്ന ദാമ്പത്യം**
**ഹാരിസ് ബിൻ സലീം, താജുദ്ദീൻ സ്വലാഹി**
18.08.17 വെള്ളി 08:20 AM
19.08.17 ശനി 12:20 AM, 08:20 AM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം, ഭാഗം: 3**
**ഫൈസൽ മൗലവി**
18.08.17 വെള്ളി 04:30 PM, 09:30 PM
19.08.17 ശനി 09:30 AM

**ഇൻസൈറ്റ്**
**10 കൽപനകൾ**
**മുഹമ്മദ് അജ്മൽ സി**
18.08.17 വെള്ളി 07:05 AM, 07:00 PM,
19.08.17 ശനി 02:55 PM

**തജ്‌വീദ് പഠനം**
**സൂറ: അൽ മുൽക് പാരായണ പഠനം**
**ഹാഫിള് അസ്‌ലം കുവൈത്ത്**
18.08.17 വെള്ളി, 7:45 PM
19.08.17 ശനി, 5:00 PM

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# മരണത്തിനു ശേഷം...?

**“ഏതൊരു ദേഹവും മരണം ആസ്വദിക്കുക തന്നെ ചെയ്യും. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്കു പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽ നിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കപ്പെടുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല” (ക്വുർആൻ 3:185)**

മനുഷ്യരുടെ കർമങ്ങൾ വ്യത്യസ്തമാണ്. തലമുറകൾ നീണ്ടുനിൽക്കുന്ന നന്മകൾക്ക് നേതൃത്വം വഹിച്ചവരുണ്ട് മനുഷ്യരുടെ കൂട്ടത്തിൽ. അവരുടെ മരണ ശേഷവും അവരിലൂടെ നാമ്പെടുത്ത നന്മ പടർന്നു പന്തലിച്ച് വിളനൽകുന്നതായി നാം കാണുന്നു. നിരവധിപേരുടെ ഇരുൾമുറ്റിയ ജീവിതത്തിന് പ്രതീക്ഷയുടെ പ്രകാശം നിറഞ്ഞ ചിറകുകൾ സമ്മാനിച്ച് സന്തോഷത്തോടെ ജീവിക്കാൻ പ്രാപ്തമാക്കിയവർ... നിത്യയാതനകളനുഭവിച്ചു കൊണ്ടിരുന്ന അനവധി മാറാരോഗികൾക്ക് ആശ്വാസത്തിനായി പഠന ഗവേഷണങ്ങളിലൂടെ മരുന്നുകണ്ടെത്തിയവർ... അന്യരുടെ ജീവൻ രക്ഷിക്കുന്നതിനിടയിൽ സ്വന്തം ജീവൻ ബലികഴിക്കേണ്ടിവന്നവർ... ഇങ്ങനെ എത്രയോ നന്മകളുടെ പ്രതീകങ്ങൾ...! അവർക്കൊക്കെ അവരുടെ പ്രവർത്തനങ്ങളുടെ കൃത്യമായ പ്രതിഫലം നൽകാൻ നമുക്ക് സാധിക്കുന്നില്ല. അവയുടെ ആഴവും തോതും കണക്കാക്കുന്നിടത്ത് പോലും മനുഷ്യർ അശക്തരാണ്.

ഇതിന്റെ മറുവശമോ? നിരവധി സ്ത്രീകളെ വിധവകളാക്കിയ, അനവധി കുഞ്ഞുങ്ങളെ അനാഥരാക്കിയ, അനേകം കുടുംബങ്ങളെ നിരാലംബരാക്കിയ എത്രയോ ക്രൂര കൃത്യങ്ങൾ ഈ ഭൂമിയിൽ അരങ്ങേറി. പൈശാചികതയുടെ മൂർത്തരൂപങ്ങളായ അത്തരം അക്രമികളെ പിടികൂടി അർഹമായ ശിക്ഷ നൽകാൻ മനുഷ്യന് സാധിക്കുമോ?

എല്ലാവരെയും പിടികൂടുകയും കോടതിയിൽ ഹാജരാക്കുകയും വിചാരണ ചെയ്ത് ശിക്ഷ വിധിക്കുകയും ചെയ്തു എന്നുതന്നെ സങ്കൽപിക്കുക. എന്നാലും നൂറു പേരെ കൊന്നയാൾക്കും പത്തു പേരെ കൊന്നയാൾക്കും ഒരാളെ കൊന്നയാൾക്കും ഭൗതിക ലോകത്തെ ഏത് ന്യായാധിപനും ഒരിക്കൽ മാത്രമെ വധശിക്ഷ നൽകാൻ സാധിക്കൂ. അതോടൊപ്പം അവരുടെയൊക്കെ ആശ്രിതർക്ക് സംഭവിച്ച നഷ്ടങ്ങൾ ആരാണ് കണക്കാക്കുക?

എന്നാൽ മനുഷ്യരുടെ മനസ്സറിയുന്ന, അവരുടെ പ്രവർത്തനങ്ങളുടെ ആഴവും വ്യാപ്തിയും കൃത്യമായറിയുന്ന നീതിമാനും കരുണാവാരിധിയുമായ അല്ലാഹു കർമങ്ങൾക്ക് കൃത്യമായി പ്രതിഫലം നൽകുന്ന ഒരു വേദി സംവിധാനിച്ചിട്ടുണ്ട്. വിശുദ്ധ ക്വുർആൻ “നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ” (3:185) എന്നു പറഞ്ഞത് അതിനെ സംബന്ധിച്ചാണ്. അവിടെ ഭൗതിക ലോകത്തേതുപോലുള്ള അനർഹമായ യാതൊരു ഇടപെടലുകളും ഉണ്ടാവില്ല.

“ഒരാൾക്കും മറ്റൊരാൾക്കുവേണ്ടി ഒരുപകാരവും ചെയ്യാൻ പറ്റാത്ത, ഒരാളിൽ നിന്നും ഒരു പ്രായശ്ചിത്തവും സ്വീകരിക്കപ്പെടാത്ത, ഒരാൾക്കും ഒരു ശുപാർശയും പ്രയോജനപ്പെടാത്ത, ആർക്കും ഒരു സഹായവും ലഭിക്കാത്ത ഒരു ദിവസത്തെ (പരലോകത്തെ)നിങ്ങൾ സൂക്ഷിക്കുക” (2:123).

‘അങ്ങനെ ഒന്നുണ്ടായിരുന്നെങ്കിൽ നന്നായിരുന്നു’ എന്ന് നിരീശ്വര നിർമതവാദികളുടെവരെ മനസ്സുപോലും കൊതിക്കുന്നുണ്ടെന്നതാണ് വാസ്തവം. ‘പക്ഷേ, ഇല്ലല്ലോ’ എന്ന നിരാശയിലാണ് അവർ എത്തിച്ചേരുന്നത്. ഇല്ല എന്നു പറയാൻ എന്തു ന്യായമാണുള്ളത്? മനുഷ്യന് വേണ്ട എല്ലാം അവൻ ആവശ്യപ്പെടാതെ തന്നെ ഇവിടെ ഒരുക്കിയ സൃഷ്ടിനാഥൻ മനുഷ്യജീവിതത്തിന് ലക്ഷ്യവും അർഥവും നൽകുന്ന നീതിയുടെ വേദി സംവിധാനിക്കാതെ വ്യഥാവിലാക്കി എന്നു പറയാൻ നീതിബോധമുള്ളവർക്ക് സാധിക്കുകയില്ല.

അതിന്റെ സംഭവ്യതയിൽ സംശയിക്കുന്നത് ശുദ്ധ അസംബന്ധമാണ്. മണ്ണും അസ്ഥിശകലങ്ങളുമായതിന് ശേഷം എങ്ങനെയാണ് ഒരു പുനരുത്ഥാനം എന്നാണ് അവർ ചോദിക്കുന്നത്. ക്വുർആൻ അതിനു നൽകുന്ന മറുപടി കാണുക: “പറയുക: ആദ്യതവണ അവയെ ഉണ്ടാക്കിയവനാരോ അവൻതന്നെ അവയ്ക്ക് ജീവൻ നൽകുന്നതാണ്. അവൻ എല്ലാതരം സൃഷ്ടിപ്പിനെപ്പറ്റിയും അറിവുള്ളവനത്രെ” (36:79).

അൽത്താഫ് അമ്മാട്ടിക്കുന്ന്
mail@nerpatham.com



# മുസ്‌ലിം കൈരളിയുടെ സ്വാതന്ത്ര്യ സമരാനുഭവങ്ങൾ

മഹിതമായ പാരമ്പര്യമുള്ള രാജ്യമാണ് ഇന്ത്യ. സ്വാതന്ത്ര്യദിനവുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ ഭൂതകാലം അയവിറക്കുമ്പോൾ ജാതി-മത ഭേദങ്ങൾക്കതീതമായ ഒത്തൊരുമയുടെയും ചെറുത്തു നിൽപിന്റെയും സുന്ദര സ്മരണകൾ ദർശിക്കാൻ നമുക്ക് സാധിക്കും. കേവലമൊരു ആവേശമോ അധികാരമോഹമോ ആയിരുന്നില്ല ഇതിന് ചാലകമായി വർത്തിച്ചത് എന്നും, ഇസ്‌ലാമിക വിശ്വാസ സംഹിതയുടെയും കർമാഹ്വാനങ്ങളുടെയും ഉറച്ച പിന്തുണയായിരുന്നു അതിന് പിന്നിലെ ചേതോവികാരമെന്നും ചരിത്രമെടുത്ത് പഠിച്ചാൽ നമുക്ക് ബോധ്യപ്പെടും. അതിനാലാണ് ധാരാളം മുസ്‌ലിം നാമങ്ങൾ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിൽ നിറഞ്ഞ് നിൽക്കുന്നതായി കാണാൻ സാധിക്കുന്നത്.

അന്ധമായ ദേശീയതയോ അകാരണമായ അന്യരാജ്യ വിരോധമോ അല്ല പ്രമാണങ്ങൾ പഠിപ്പിച്ച സ്വാതന്ത്ര്യ നീതിബോധവും മർദിത സമൂഹത്തോടുള്ള അനുകമ്പയും കറകളഞ്ഞ ദേശസ്നേഹവുമായിരുന്നു മുസ്‌ലിംകളുടെ പോരാട്ട വീര്യത്തിന്റെ പ്രേരകം.

മതന്യൂനപക്ഷങ്ങൾക്കെതിരെയുള്ള കുപ്രചരണങ്ങൾ ഇന്ന് വർധിച്ച് കൊണ്ടിരിക്കുന്നു. ചരിത്രം തമസ്‌ക്കരിച്ചും വളച്ചൊടിച്ചും തിരുത്തിയെഴുതുന്ന ഒരു കൂട്ടർ നിലനിൽക്കുമ്പോൾ തന്നെയും സത്യസന്ധമായി ചരിത്രത്തെ സമീപിക്കുന്നവരും കുറവല്ല.

ഇന്ത്യ പിടിച്ചടക്കിയ ബാബറാണ് ഇസ്‌ലാം മതം ഇന്ത്യയിൽ പ്രചരിപ്പിച്ചത് എന്നാണ് ചില തൽപരകക്ഷികൾ പ്രചരിപ്പിക്കുന്നത്. പക്ഷെ ബാബർ ഇന്ത്യയിൽ വരുന്നതിന് കാൽ നൂറ്റാണ്ട് മുമ്പ് തന്നെ പോർത്തുഗീസ് അധിനിവേശ ശക്തികളെ ഭാരത മണ്ണിൽ കാല് കുത്താൻ അനുവദിക്കാതെ ചെറുത്തുനിന്ന ചരിത്രമാണ് കേരള മുസ്‌ലിംകൾക്കുള്ളത് എന്ന സത്യം ആരാലും നിഷേധിക്കുക സാധ്യമല്ല.

കേരളമൊഴികെയുള്ള മറ്റ് ഭാഗങ്ങളിൽ അധിനിവേശ ശക്തികളെ ചെറുക്കാൻ മുസ്‌ലിം രാജാക്കൻമാരാണ് രംഗത്ത് വന്നത്. എന്നാൽ കേരളത്തിൽ മുസ്‌ലിംകൾക്ക് രാജാധികാരം ഇല്ലാത്തതിനാൽ മുസ്‌ലിം പണ്ഡിതൻമാരും സാധാരണക്കാരും അധിനിവേശ ശക്തികൾക്കെതിരെ അണി നിരന്നു. അവരുടെ ജീവിതവും ജീവനും രാജ്യത്തിന് വേണ്ടി സമർപ്പിക്കാൻ അവർ തയ്യാറായി.

ഫക്കി അഹ്മദ് മരയ്ക്കാരും സഹോദരൻ കുഞ്ഞാലി മരയ്ക്കാരും അമ്മാവൻ മുഹമ്മദ് മരയ്ക്കാരും കൊച്ചിയിലെ സമ്പന്ന കച്ചവടക്കാരായിരുന്നു. അതേ കുടുംബത്തിലെ മമ്മാലി മരയ്ക്കാർ കൊച്ചി രാജ്യത്തിലെ സമ്പന്നരിൽ മുമ്പനായിരുന്നു. അവരുടെ വൻ വ്യാപാരവും സ്വൈരജീവിതവും ഉപേക്ഷിച്ചാണ് രാജ്യത്തിന്റെ സ്വാതന്ത്ര്യം സംരക്ഷിക്കാൻ നേതൃത്വം കൊടുത്തത്. 1524ൽ അവർ പൊന്നാനിയിലേക്ക് താമസം മാറ്റി. അവർ സാമൂതിരിയെക്കണ്ട് തങ്ങളുടെ സമ്പത്തും കപ്പലുകളും ആയുധങ്ങളും സേവനങ്ങളും പോർത്തുഗീസുകാർക്കെതിരായ യുദ്ധത്തിന് അടിയറ വെക്കാൻ തയ്യാറാണെന്ന് ബോധിപ്പിച്ചു. സാമൂതിരി അത് സ്വീകരിച്ചു. പിന്നീടുണ്ടായ യുദ്ധങ്ങൾക്ക് നേതൃത്വം കൊടുത്തത് കുഞ്ഞാലി മരയ്ക്കാന്മാരാണ്. അക്കാലത്തെ ഇസ്‌ലാമിക പണ്ഡിതൻമാരിൽ ചെറുതല്ലാത്ത സ്ഥാനമുണ്ടായിരുന്ന ശൈഖ് സൈനുദ്ധീൻ മഖ്ദൂം പ്രസ്തുത പോരാട്ടങ്ങൾ ദീനിന്റെ ഭാഗം തന്നെയാണെന്ന് വിശദീകരിച്ച് ഗ്രന്ഥങ്ങൾ രചിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ തുഹ്ഫത്തുൽ മുജാഹിദീൻ എന്ന കൃതി പോർത്തുഗീസ് അധിനിവേശത്തെ ചെറുക്കേണ്ടത് മതപരമായ ബാധ്യതയാണ് എന്ന വസ്തുത അടിവരയിട്ട് സമർഥിക്കുന്നു.

ഒട്ടുമിക്ക ലോക ഭാഷകളിലും പരിഭാഷപ്പെടുത്തപ്പെട്ട പ്രസ്തുത കൃതിയിൽ ക്വുർആൻ വചനങ്ങളും നബി വചനങ്ങളും സന്ദർഭോചിതം ഉദ്ധരിച്ചത് കാണാം. കേരള ചരിത്രത്തെക്കുറിച്ച് എഴുതപ്പെട്ട ആദ്യത്തെ കൃതി കൂടിയാണത്. ഇസ്‌ലാമിക ഐക്യം, മതസൗഹാർദം, നീതിമാൻമാരായ ഭരണാധികാരികളോടുള്ള നിരുപാധികമായ സഹകരണം... തുടങ്ങിയ ഒരുപാട് പാഠങ്ങളും മഹിതമായ മാതൃകകളും പ്രസ്തുത കൃതിയിൽ നമുക്ക് കാണാം. അടങ്ങാത്ത സ്വാതന്ത്ര്യദാഹവും അണയാത്ത ദേശസ്നേഹവും തലമുറകൾക്ക് കൈമാറിയ പ്രസ്തുത കൃതി ബ്രിട്ടീഷുകാർ പിന്നീട് നിരോധിക്കുകയുണ്ടായി.

ബ്രിട്ടീഷ് അധിനിവേശ കാലത്തും മുസ്‌ലിംകളുടെ സ്വാതന്ത്ര്യവാഞ്ഛ കെട്ടടങ്ങിയില്ലെന്ന് മാത്രമല്ല, മർദകർക്കൊപ്പം ചേർന്ന് ഉദ്യോഗത്തിലും അധികാരത്തിലും പങ്ക് പറ്റാൻ മുസ്‌ലിം നേതൃത്വവും ജനങ്ങളും തയ്യാറായതുമില്ല. അത്കൊണ്ട് തന്നെ വെള്ളക്കാരുടെ അടങ്ങാത്ത പ്രതികാരത്തിനും ഒടുങ്ങാത്ത പകക്കും മുസ്‌ലിംകൾ പാത്രമായി.

വെളിയങ്കോട് ഉമർ ഖാളിയും മമ്പുറം സയ്യിദ് അലവി തങ്ങളും 19ാം നൂറ്റാണ്ടിന്റെ തുടക്കത്തിലെ പ്രധാന മുസ്‌ലിം മതനേതാക്കളാണ്. രണ്ടാൾക്കും വളരെയധികം അനുയായികളുണ്ടായിരുന്നു. ഹിന്ദുക്കളും മുസ്‌ലിംകളും ഒരുപോലെ അവരെ ബഹുമാനിച്ചു. വ്യക്തി തർക്കങ്ങൾ അവർ പറഞ്ഞ് തീർക്കാറുണ്ടായിരുന്നതിനാൽ തന്നെ മുസ്‌ലിംകളിൽ നിന്ന് ബ്രിട്ടീഷ് കോടതിയെ സമീപിക്കുന്നത് വളരെ കുറവായിരുന്നു അക്കാലത്ത്.

ഉമർ ഖാസി 1757ൽ ജനിച്ചു. വിദ്യാഭ്യാസം പൊന്നാനിയിലായിരുന്നു. ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും ബ്രിട്ടീഷ് ചെയ്തികളും അദ്ദേഹത്തെ വ്യാകുലചിത്തനാക്കി. ബ്രിട്ടീഷുകാരെ അദ്ദേഹം ശക്തമായി വിമർശിക്കുകയും നികുതി നൽകാതിരിക്കാൻ ജനങ്ങളെ ഉപദേശിക്കുകയും ചെയ്തു. ബ്രിട്ടീഷുകാരുമായി നിസ്സഹകരിച്ച ഉമർ ഖാസിയെ അവർ തടവിലാക്കി. ഖേദം പ്രകടിപ്പിച്ച് മാപ്പെഴുതിയാൽ വിട്ടയക്കാമെന്ന് ബ്രിട്ടീഷ് ഉദ്യോഗസ്ഥർ അറിയിച്ചു. തന്റെ നിലപാടിൽ ഉറച്ച് നിന്നതിനാൽ അദ്ദേഹത്തെ ബ്രിട്ടീഷുകാർ ജയിലിലടച്ചു. ബ്രിട്ടീഷുകാർക്കെതിരെയുള്ള അണയാത്ത എതിർപ്പിന്റെ ശക്തി



കേന്ദ്രമായിരുന്ന ഉമർ ഖാസി 1852ൽ 97ാം വയസ്സിൽ അന്തരിച്ചു.

മമ്പുറം സയ്യിദ് അലവി തങ്ങൾ 1750ൽ ജനിച്ചു. കടുത്ത ബ്രിട്ടീഷ് വിരോധിയായിരുന്ന ഇദ്ദേഹം സൈഫുൽ ബസ്വാർ എന്ന ലഘു ഗ്രന്ഥം രചിക്കുകയുണ്ടായി. ബ്രിട്ടീഷുകാർക്കെതിരിൽ പോരാടാൻ ആഹ്വാനം ചെയ്യുന്ന പ്രസ്തുത ഗ്രന്ഥം ജാതിമത ഭേദമന്യേ ജനങ്ങൾ നെഞ്ചിലേറ്റി. സയ്യിദ് അലവി തങ്ങളെ ഹിന്ദു വിരോധിയായി ചിത്രീകരിക്കാൻ അത്കൊണ്ട് തന്നെ ബ്രിട്ടീഷുകാർ ശ്രമിച്ചത് സ്വാഭാവികം. എന്നാൽ ഇന്ന് ചരിത്രം തിരുത്തിയെഴുതുന്നവരും ബ്രിട്ടീഷ് പല്ലവി ഏറ്റുപാടുന്നു എന്നതാണ് ഖേദകരം. മുസ്ലിംകളുടെ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളെ വില കുറച്ച് കാണാനുള്ള ശ്രമമാണിതിന് പിന്നിലെന്നതിന് സംശയമില്ല. ഹിന്ദുക്കളിൽ ധാരാളം സുഹൃത്തുക്കൾ മമ്പുറം തങ്ങൾക്കുണ്ടായിരുന്നു. കോന്തു നായരായിരുന്നു അദ്ദേഹത്തിന്റെ കാര്യസ്ഥൻ. അത് മാത്രം മതി വിമർശനങ്ങളുടെ മുനയൊടിയാൻ.

പാശ്ചാത്യശക്തികളുടെ ആഗമനം വരെ ഇന്ത്യയിൽ ഹിന്ദു-മുസ്ലിം വിഭാഗങ്ങളുടെ വളർച്ച സമ്പർക്കത്തിന്റെയും സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയുമായിരുന്നു. സാമൂതിരിയെപ്പോലുള്ള രാജാക്കൻമാർ ഭരണ രംഗത്തും സൈനിക രംഗത്തും മുസ്ലിംകളുടെ സേവനവും ഉപദേശവും നിദാനമാക്കിയിരുന്നത് പോലെ ഹൈദറിന്റെയും ടിപ്പുവിന്റെയും സഹായികളിൽ പലരും ഹൈന്ദവരായിരുന്നു. ഇന്ത്യയിലെ മതസൗഹാർദത്തിന്റെ ഉജ്ജ്വല മാതൃകയായിരുന്നു ടിപ്പു സുൽത്താൻ. ബ്രിട്ടീഷുകാരുമായി പൊരുതി മരിച്ച ഒരേയൊരു ഇന്ത്യൻ രാജകുമാരനാണ് അദ്ദേഹം. അദ്ദേഹത്തെപ്പോലും മത ഭ്രാന്തനായി ചിത്രീകരിക്കാനാണ് ബ്രിട്ടീഷുകാർക്കും അവരെ ആശയ തലത്തിൽ പിന്തുടരുന്നവർക്കും താൽപര്യം.

"1857ലെ വിപ്ലവം ശിപായി ലഹളയയാണ് അന്നത്തെ ഭരണകർത്താക്കളും അവരെ അനുകൂലിക്കുന്നവരും വാദിച്ചിരുന്നത്. എന്നാൽ നീണ്ട 100 വർഷങ്ങൾക്ക് ശേഷം അത് ഇന്ത്യയുടെ ആദ്യത്തെ സ്വാതന്ത്ര്യ സമരമാണെന്ന് ഗവൺമെന്റടക്കം എല്ലാവരും സമ്മതിച്ച കാര്യമാണ്. 1921 ആഗസ്റ്റ് മാസത്തിൽ ഒരു വിപ്ലവം തെക്കേ മലബാറിൽ നടക്കുകയുമുണ്ടായല്ലോ. അതിനെ ഗവൺമെന്റും ഗവൺമെന്റനുകൂലികളും മാപ്പിള ലഹളയായിട്ടാണ് ചിത്രീകരിച്ചിരുന്നത്. സ്വാതന്ത്ര്യലബ്ധിക്ക് ശേഷവും ഈ അഭിപ്രായം തന്നെയാണ് പലരും പ്രകടിപ്പിച്ചിരുന്നത്. ഇപ്പോൾ അതും 60 കൊല്ലങ്ങൾക്ക് ശേഷം സ്വാതന്ത്ര്യ സമരമായി ഇന്ത്യാ ഗവൺമെന്റ് പ്രഖ്യാപിച്ച് കഴിഞ്ഞിരിക്കുന്നു..."

**എണ്ണിയാൽ തീരാത്തത്ര സ്വാതന്ത്ര്യ സമര ഭടൻമാരെ രാജ്യത്തിന് സമ്മാനിച്ച പാരമ്പര്യമാണ് കേരള മുസ്ലിംകളുടേത്. സമരത്തിന്റെ പാതയിൽ ഊരും ഉയിരും നഷ്ടപ്പെടുകയും മക്കൾ അനാഥരാവുകയും ചെയ്തവർ നിരവധി. ഒരു വിശദീകരണവും ആവശ്യമില്ലാത്ത വിധം തെളിഞ്ഞ ഈ യാഥാർഥ്യങ്ങൾ നിലനിൽക്കേ തന്നെ മുസ്ലിംകളുടെ ദേശസ്നേഹത്തെ ചോദ്യം ചെയ്യാനുള്ള ധാർഷ്ട്യം ആർക്കെങ്കിലും പകർന്ന് കിട്ടിയിട്ടുണ്ടെങ്കിൽ അത് ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യം കവർന്നെടുത്തവരിൽ നിന്നാകാനേ തരമുള്ളൂ.**

"...സമരം ഏതാണ്ട് 6 മാസക്കാലം നടന്നു. സമരത്തിന്റെ ആരംഭം സദുദ്ദേശപരമായിരുന്നു. വർഗ്ഗീയ ചിന്താഗതിക്കാരായിരുന്നില്ല അതിന് പുറപ്പെട്ടിരുന്നത്. ആലി മുസ്ലിയാർ, വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, ചെമ്പ്രശ്ശേരി ഇമ്പിച്ചിക്കോയ തങ്ങൾ മുതലായവരാരും തന്നെ ജനങ്ങളെ യാതൊരു ആക്രമത്തിനും പ്രേരിപ്പിച്ചിരുന്നില്ല." (ഖിലാഫത്ത് സ്മരണകൾ: ഇ. മൊയ്തു മൗലവി)

ഖിലാഫത്ത് പ്രസ്ഥാനം ഇന്ത്യൻ സ്വാതന്ത്ര്യ സമര പോരാട്ടങ്ങൾക്ക് നൽകിയ സംഭാവനകൾ ചെറുതല്ല. ഒട്ടേറെ പേർ രക്തസാക്ഷികളാവുകയും അനേകരെ നാട് കടത്തുകയും പലരും പലായനം ചെയ്യാൻ നിർബന്ധിതരാവുകയും ചെയ്തു. ബ്രിട്ടീഷ് സാമ്രാജ്യത്തെ എല്ലാ അർഥത്തിലും വെല്ലുവിളിച്ച് ആലി മുസ്ലിയാർ തിരൂരങ്ങാടി കേന്ദ്രമാക്കി ഖിലാഫത്ത് പ്രഖ്യാപിക്കുകയും ശരീഅത്ത് വിധികൾ നടപ്പിലാക്കുകയും നികുതി പിരിക്കുകയും ചെയ്തു. 'സാമ്രാജ്യത്തിനുള്ളിലെ സാമ്രാജ്യം' എന്ന് എതിരാളികളാൽ വിശേഷിപ്പിക്കപ്പെടുമാറ് ആലി മുസ്ലിയാർ എന്ന ധീര ദേശാഭിമാനി സ്വാതന്ത്ര്യദാഹികളുടെ ആവേശമായി.

മഞ്ചേരിയിൽ നിന്ന് 4 മൈൽ കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന നെല്ലിക്കുത്ത് സ്വദേശിയാണ് ആലി

മുസ്‌ലിയാർ. പ്രാഥമിക പഠനം നാട്ടിൽ വെച്ചും ഉപരി പഠനം പൊന്നാനിയിലും തുടർന്ന് 7 വർഷം മക്കയിലെ മസ്ജിദുൽ ഹറമിലും പഠിച്ചു. 1907ൽ തിരൂരങ്ങാടിയിൽ ഉദ്യോഗ ജീവിതം ആരംഭിച്ചു. ആഗസ്റ്റ് 29 ബുധനാഴ്ച്ച വലിയ ബ്രിട്ടീഷ് സേനാവ്യൂഹം തിരൂരങ്ങാടി വലിയ ജുമുഅത്ത് പള്ളി വളഞ്ഞു. പള്ളിയുടെ മുകളിലെത്തെ നിലയിൽ ആലി മുസ്‌ലിയാരും 114 അനുയായികളുമുണ്ടായിരുന്നു. യാതൊരു മുന്നറിയിപ്പുമില്ലാതെ പട്ടാളം വെടിയുതിർത്തു. മാപ്പിള യോദ്ധാക്കൾ പ്രത്യാക്രമണം നടത്തി. സംഘട്ടനത്തിൽ കാരാടൻ മൊയ്തീൻ സാഹിബ് ഉൾപ്പെടെ 22 പേർ രക്തസാക്ഷികളായി. ബ്രിട്ടീഷ് പട്ടാളത്തിൽ നിന്ന് മി. വില്യംസ് ഉൾപ്പെടെ 20ഓളം പേർ മരണപ്പെട്ടു.

ആലി മുസ്‌ലിയാരെയും അനുയായികളെയും അറസ്റ്റ് ചെയ്ത് തിരൂരിലേക്ക് കൊണ്ടുപോയി. രാജ്യദ്രോഹ കുറ്റം ചുമത്തി വിചാരണ ചെയ്തു. ഏകപക്ഷീയമായാണ് വിചാരണയും തീർപ്പ് കൽപ്പിക്കലും നടന്നത്. ആലി മുസ്‌ലിയാരെയും പന്ത്രണ്ട് പേരെയും തൂക്കി കൊല്ലാൻ വിധിച്ചു. 22 പേർക്ക് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചു. 2 പേരെ അന്തമാനിലേക്ക് നാടു കടത്തി. കലാപശേഷം കരിനിയമങ്ങൾ ചുമത്തി പ്രദേശവാസികളെ ജയിലിലടച്ചും തൂക്കിക്കൊന്നും ബ്രിട്ടീഷ് പട പകപോക്കി. മുസ്‌ലിം സമൂഹം ഈ സമരത്തിന് നൽകേണ്ടി വന്ന വില കനത്തതായിരുന്നു.

കെ.എം മൗലവി സാഹിബ് ഒരു സമുദായ പരിഷ്കർത്താവ് എന്ന പോലെ സ്വാതന്ത്ര്യ പോരാളിയുമായിരുന്നു. 1920 നവംബറിൽ കൊണ്ടോട്ടി അത്തൻ പള്ളിയാളിൽ വെച്ച് അതി ഗംഭീരമായ ഒരു ഖിലാഫത്ത് സമ്മേളനം നടന്നു. അന്ന് കെ.എം മൗലവി ചെയ്ത പ്രസംഗം ശ്രവിച്ച ഖിലാഫത്ത് വിരോധിയായ ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ പിന്നീടൊരിക്കൽ അദ്ദേഹത്തോടു പറഞ്ഞുവത്രെ "ഞാൻ ഖിലാഫത്തിനോടും കോൺഗ്രസിനോടുമുള്ള വിരോധം വെച്ചാണ് സമ്മേളനത്തിന് വന്നത്. എന്നാൽ നിങ്ങളുടെ പ്രസംഗം കേട്ട് ഞാൻ കരഞ്ഞ് പോയി." 1921 ഫെബ്രുവരി 5ന് മലബാർ കലക്ടറായിരുന്ന തോമസ്, കെ.എം മൗലവി അടക്കമുള്ളവരുടെ പ്രസംഗം നിരോധിച്ച് ഉത്തരവിറക്കി.

ഇസ്‌ലാം മത തത്ത്വങ്ങൾ മുറുകെ പിടിച്ച്, പിറന്ന നാടിന്റെ സ്വാതന്ത്ര്യത്തിനായി പ്രയത്നിച്ചവർ നിരവധിയാണ്. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെപ്പോലെയുള്ള ധീര ദേശാഭിമാനികൾ അർഹിക്കുന്ന അളവിൽ സ്മരിക്കപ്പെടുന്നുണ്ടോ എന്ന് സംശയമാണ്.

എണ്ണിയാൽ തീരാത്തത്ര സ്വാതന്ത്ര്യ സമര ഭടന്മാരെ രാജ്യത്തിന് സമ്മാനിച്ച പാരമ്പര്യമാണ് കേരള മുസ്‌ലിംകളുടേത്. സമരത്തിന്റെ പാതയിൽ ഊരും ഉയിരും നഷ്ടപ്പെടുകയും മക്കൾ അനാഥരാവുകയും ചെയ്തവർ നിരവധി. ഒരു വിശദീകരണവും ആവശ്യമില്ലാത്ത വിധം തെളിഞ്ഞ ഈ യാഥാർഥ്യങ്ങൾ നിലനിൽക്കേ തന്നെ മുസ്‌ലിംകളുടെ ദേശസ്നേഹത്തെ ചോദ്യം ചെയ്യാനുള്ള ധാർഷ്ട്യം ആർക്കെങ്കിലും പകർന്ന് കിട്ടിയിട്ടുണ്ടെങ്കിൽ അത് ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യം കവർന്നെടുത്തവരിൽ നിന്നാകാനേ തരമുള്ളൂ.

ഈ പോരാട്ടങ്ങളിൽ മത നേതാക്കളും സാധാരണക്കാരും വഹിച്ച പങ്ക് എന്നും അഭിമാനിക്കാൻ വക നൽകുന്നു. മറ്റ് പ്രദേശങ്ങളിലെ പണ്ഡിതരിൽ പലരും പള്ളികളിലൊതുങ്ങിയപ്പോൾ കേരളത്തിലെ മൗലവിമാർ ജീവിതത്തിന്റെ സകല സമര മുഖങ്ങളിലും ജനങ്ങൾക്ക് നേതൃത്വം നൽകി. അതുമൂലമുണ്ടായ ദുരിതങ്ങൾ അവർ സഹിച്ചു. മുസ്‌ലിംകൾക്ക് രണ്ട് വിപ്ലവ തത്ത്വങ്ങളിൽ പരിപൂർണ വിശ്വാസമുണ്ട്. ദൈവത്തിന്റെ ഏകത്വത്തിലും മാനവരാശിയുടെ ഐക്യത്തിലും. അതാണ് എല്ലാ പ്രയാസങ്ങളെയും നേരിടാൻ നമ്മെ പ്രാപ്തരാക്കുന്നത്.

ഏകത്വം, സമത്വം, സാഹോദര്യം, സ്വാതന്ത്ര്യം എന്നിവയെല്ലാം തൗഹീദിന്റെ പ്രായോഗിക ആശയങ്ങളാണ്. തൗഹീദിന്റെ തത്ത്വങ്ങളിൽ ഉറച്ച് നിൽക്കുകയും സുഖ ദുഃഖങ്ങളെ ഒരേ പോലെ നേരിടാനുള്ള അചഞ്ചലത നാം ആർജിക്കുകയും ചെയ്തു. നമുക്ക് മുമ്പേ നടന്നവർ നമ്മെ പഠിപ്പിക്കുന്നത് പ്രായോഗികമല്ലാത്ത ചിന്തകളും ആലോചനയില്ലാത്ത തീരുമാനങ്ങളും അരുതെന്നാണ്? ഈ നാടിനെ വിദേശികളിൽ നിന്ന് രക്ഷിക്കുന്നതിൽ മുസ്‌ലിംകൾ എന്ത് ചെയ്തു? എന്ന ചോദ്യത്തിനുള്ള മറുപടി കേരള മുസ്‌ലിംകളുടെ ചരിത്രം തന്നെയാണ്.

സ്വന്തം വിശ്വാസത്തിലൂടെയും ബുദ്ധിയിലൂടെയും നിഷ്കളങ്കമായി മുസ്‌ലിംകൾ ഈ നാടിനെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്തു. കേരള മുസ്‌ലിംകൾക്ക് അഭിമാനകരമായ ഭൂതകാലത്തിലേക്ക് തിരിഞ്ഞ് നോക്കാം. ആ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഭാവിയിലെ ലക്ഷ്യങ്ങൾ നിർണയിക്കാം. ●

ശൈഖ് അബ്ദുല്ലാഹ് അൽജിബ്‌രീൻ
mail@nerpatham.com

ലേഖനം



# ഇസ്‌ലാമിന്റെ മധ്യമ സമീപനം ആരാധനാകർമങ്ങളിൽ

ഇസ്‌ലാമിൽ കർമങ്ങൾ ചൊവ്വായ രീതിയിലാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പിശാച് ചില മനുഷ്യരിൽ കടന്നുകൂടി അവരെ രണ്ടു തരക്കാരാക്കി. ഒരു വിഭാഗത്തിൽ തീവ്രതയും വർധനവും മറ്റൊരു വിഭാഗത്തിൽ ജീർണതയും കുറവും പിശാച് കടത്തിക്കൂട്ടി. എല്ലാം പിശാചിൽ നിന്നുള്ള ദുർമന്ത്രണവും വസ്‌വാസുമാണ്; അവതരിച്ച യഥാർഥ രീതിയിൽ ആളുകൾ അവ പ്രയോഗവത്കരിക്കാതിരിക്കുവാൻ വേണ്ടി.

**ത്വഹാറത്ത് (ശുദ്ധി)**

ത്വഹാറത്ത് മതപരമായ ഒരു ഇബാദത്താണ്. ശുദ്ധിയാകണം എന്ന് അല്ലാഹു തന്റെ വിശ്വാസികളായ ദാസന്മാരോട് കൽപിച്ചു. പ്രസ്തുത കൽപന തീർത്തും മിതത്വമാണ്. എന്നാൽ രണ്ടുവിഭാഗങ്ങൾ ശുദ്ധിയുടെ വിഷയത്തിൽ രംഗപ്രവേശം ചെയ്തു. ഒരു വിഭാഗം തീവ്രരായി. മറ്റൊരു വിഭാഗം ചുരുക്കി. തീവ്രരായവർ ശുദ്ധിയുടെ വിഷയത്തിൽ ഇല്ലാത്തവ അതിലേക്ക് ചേർക്കുകയും വിഷയം കർക്കശമാക്കുകയും ചെയ്തു. ശുദ്ധി, കുളി, വുദ്വൂഅ് തുടങ്ങിയ വിഷയങ്ങളിൽ പ്രവാചകൻﷺയിൽനിന്നും സ്വഹാബത്തിൽനിന്നും ഉദ്ധരിക്കപ്പെട്ടതിൽ അവർ വിരക്തരാകുകയും അത് തങ്ങളെ ശുദ്ധിയാക്കുവാൻ പര്യാപ്തമല്ലെന്ന നിലയിൽ അവർ പലതും വർധിപ്പിച്ച് അവർ അതിരുവിടുകയും ചെയ്തു.

എന്നാൽ ചുരുക്കിയവർ തങ്ങൾ കൽപിക്കപ്പെട്ടതിൽ അലസരായി. വുദ്വൂഅ് പൂർണമായി ചെയ്യുകയോ സുന്നത്തിൽ സ്ഥിരപ്പെട്ട ശരിയായ രീതിയിൽ അവർ അത് എത്തിക്കുകയോ ചെയ്തില്ല.

ഇസ്‌ലാം മധ്യമനിലപാടാണ് കൊണ്ടുവന്നത്. ശുദ്ധിയിൽ അധികരിപ്പിക്കുവാനോ കുറക്കുവാനോ പാടില്ല. അധികരിപ്പിച്ചും കുറച്ചും രംഗപ്രവേശം ചെയ്ത രണ്ട് കക്ഷികളും വ്യതിചലിച്ചവരാണ്. അധി

കരിപ്പിച്ചവർ ഒരു സ്വാഅ്, രണ്ട് സ്വാഅ് വെള്ളം കൊണ്ട് അഞ്ച് തവണ അല്ലെങ്കിൽ പത്തുതവണ അവയവങ്ങൾ കഴുകും. എന്നിട്ടും താൻ ശുദ്ധിയായില്ല എന്ന തോന്നലാണ് അയാൾക്ക്. ഒരു വുദ്വൂഅ് ചെയ്യാൻ ദീർഘ സമയമെടുക്കുന്നവരുമുണ്ട്.

കുറവു വരുത്തിയവരാകട്ടെ, വുദ്വൂഅ് ചെയ്യുമ്പോൾ അത് പൂർണമാക്കില്ല. ചിലപ്പോൾ വെള്ളം തന്നെ വുദ്വൂഇന്റെ സ്ഥലങ്ങളിൽ എത്തില്ല. ഇത് അവരിൽനിന്നുള്ള വീഴ്ചയാണ്. കാരണം, വുദ്വൂഅ് ഇബാദത്താണ്. സുന്നത്തിൽ കൽപിച്ച പ്രകാരം അത് നിർവഹിക്കൽ നമ്മുടെമേൽ ബാധ്യതയാണ്. അതിൽ കുറവ് വരുത്തുവാൻ പടില്ല.

ഏറ്റക്കുറച്ചിലുണ്ടാക്കൽ പൈശാചിക വസ്‌വാസുകളിൽ പെട്ടതാണെന്നതിൽ സംശയമില്ല. പിശാച് ഇത്തരം വസ്‌വാസുകൾ ഉണ്ടാക്കുന്നത് ദാസന്മാർക്ക് ഇബാദത്തുകളിൽ മടുപ്പ് ഉണ്ടാക്കുവാൻ വേണ്ടിയാണ്. കാരണം, തീവ്രമായ ഈ ശുദ്ധീകരണ രീതി ഒരാൾ ഒരു കൊല്ലം അല്ലെങ്കിൽ രണ്ടു കൊല്ലം തുടർന്നാൽ അയാൾക്ക് മടുക്കുകയും അങ്ങനെ അയാൾ അലസനാകുകയും ചെയ്യും. ഇബാദത്തുകൾ അയാൾക്ക് ഭാരിച്ചതാകും. ചിലപ്പോൾ ശുദ്ധീകരണം ഭാരമുള്ളതായതിനാൽ നമസ്‌കാരം തന്നെ ഉപേക്ഷിച്ചെന്നുവരും. ചിലർ എന്നോട് പറയുകയുണ്ടായി: 'ഒരാൾ വുദുഅ് ചെയ്യുവാൻ രണ്ട് മണിക്കൂർ സമയമെടുക്കും'. പിന്നീട് അയാൾ പറഞ്ഞു: 'എങ്ങനെയാണ് ഞാൻ അഞ്ച് നിർബന്ധ നമസ്‌കാരങ്ങൾ ചെയ്തുതീർക്കുക?' അങ്ങനെ അയാൾ ഒരു വുദ്വൂഅ് കൊണ്ട് അഞ്ച് നമസ്‌കാരങ്ങളും നമസ്‌കരിച്ച് തീർക്കുവാൻ തുടങ്ങി. ഇശാഇന്റെ സമയം പ്രവേശിച്ചാൽ വുദ്വൂഅ് ചെയ്ത് എല്ലാ നമസ്‌കാരങ്ങളും ഒന്നിച്ച് ചെയ്തുതീർക്കും. അതോടെ നമസ്‌കാരം സമയം തെറ്റിക്കുക എന്ന വീഴ്ചകൂടി ചെയ്തവനായി അയാൾ. അഞ്ച് മിനുട്ട് പോലും വേണ്ടാത്ത ഒരു ശുദ്ധികർമം ശൈത്വാൻ അയാൾക്ക് ഭാരിച്ചതാക്കി. നമസ്‌കാരം തന്നെ പാഴാക്കുന്ന രീതിയിൽ പിശാച് അത് ഭാരമാക്കിത്തീർത്തു.

ചിലപ്പോൾ പിശാച് മനുഷ്യന് അവൻ നമസ്‌കാരത്തിലായിരിക്കെ തന്റെ വുദ്വൂഅ് നഷ്ടമായിരിക്കുന്നു അല്ലെങ്കിൽ തന്റെ വസ്ത്രത്തിലോ ശരീരത്തിലോ നജസുണ്ട് എന്നിങ്ങനെ വസ്‌വാസുണ്ടാക്കും. തനിക്ക് നമസ്‌കാരം നഷ്ടമായെന്ന് തോന്നുന്നതുവരെ ഈ പ്രവണത പിശാച് തുടരും. നമസ്‌കാരം ഭാരമായി തോന്നുവാനും മടുപ്പുണ്ടാക്കുവാനുമാണ് പിശാച് ഇത് ചെയ്യുന്നത്. ധാരാളം ആളുകൾ ഇത്തരം വസ്‌വാസുകൾ കാരണത്താൽ ശുദ്ധിയാക്കൽ അവർക്ക് ഭാരമായി. അതിനെ തുടർന്ന് നമസ്‌കാരവും ഭാരമായി. ഫലമോ അവർ നമസ്‌കാരം തന്നെ ഉപേക്ഷിച്ചു. പ്രയാസമാണ് എന്നതിനാലാണ് അവർ നമസ്‌കാരം ഉപേക്ഷിച്ചത്. അവർ ഇസ്‌ലാമിക അധ്യാപനങ്ങളിലേക്കും അല്ലാഹുവിന്റെ ശരീഅത്തിലേക്കും മടങ്ങിയിരുന്നുവെങ്കിൽ ഇത്തരം പ്രയാസങ്ങൾ ദീനിൽ പെട്ടതല്ലെന്ന് മനസ്സിലാക്കുമായിരുന്നു. ഇസ്‌ലാം എളുപ്പവും വിട്ടുവീഴ്ചയുള്ളതും സരളവുമാണ്. ക്ലേശങ്ങളും പ്രയാസങ്ങളും ഇസ്‌ലാം കൊണ്ടുവന്നിട്ടില്ല. ഇസ്‌ലാം കൊണ്ടുവരാത്ത പ്രയാസങ്ങളും ക്ലേശങ്ങളും കൊണ്ടുവന്നവരാണ് ഇത്തരം ആളുകൾ.

എന്നാൽ വീഴ്ചവരുത്തിയവരുടെ വീഴ്ചയുടെ കാരണവും പൈശാചിക വസ്‌വാസുകൾ തന്നെ. പിശാച് ഇത്തരം പ്രവണതകളുമായി നടക്കുന്നത് ആളുകളുടെ കർമങ്ങൾ നിഷ്ഫലമാക്കുന്നതിനുവേണ്ടിയാണ്. വുദ്വൂഅ് ചെയ്യുമ്പോൾ മുഖം കഴുകിയാൽ മുഖത്ത് എല്ലായിടത്തും വെള്ളം എത്തുകയില്ല. കൈയും കാലും കഴുകിയാൽ വെള്ളം ചേർത്ത് ഉരച്ച് കഴുകാതെ ഒന്നു തടവുക മാത്രം ചെയ്യും. ധാരാളം സ്ഥലങ്ങളിൽ വെള്ളം ചേരാതെ കിടക്കും. എന്നാൽ ദീൻ ഇത്തരം ആളുകളുടെ ചെയ്തികളെ ഗുണദോഷിച്ചിട്ടുണ്ട്.

വുദ്വൂഇന്റെ അവയവങ്ങളിൽ ശരിയാംവിധം വെള്ളം എത്തിച്ച് സമ്പൂർണമായി വുദ്വൂഅ് ചെയ്യൽ സ്വർഗീയ പദവികളെ ഉയർത്തുകയും പാപങ്ങൾ മായ്ക്കുകയും ചെയ്യുന്നതായിട്ടാണ് പ്രവാചകൻﷺ എണ്ണിയത്. അദ്ദേഹം പറഞ്ഞു:

"അല്ലാഹു പാപങ്ങൾ മായ്ക്കുകയും പദവികളെ ഉയർത്തുകയും ചെയ്യുന്ന കാര്യങ്ങളെ ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടയോ?" അവർ പറഞ്ഞു:



"അതെ." അദ്ദേഹം പറഞ്ഞു: "ക്ലേശകരമായ അവസ്ഥയിൽ വുദൂഅ് സമ്പൂർണമായി ചെയ്യലും പള്ളികളിലേക്ക് ധാരാളമായുള്ള കാൽവെപ്പുകളും ഒരു നമസ്കാരത്തിനുശേഷം മറ്റൊരു നമസ്കാരത്തെ കാത്തിരിക്കലും; അതത്രെ രിബാത്" (മുസ്‌ലിം).

ശരീരാവയവങ്ങളിൽ വെള്ളം എത്താൻ പ്രയാസമായ സ്ഥലങ്ങളിൽ പ്രത്യേകം വെള്ളം ചേർത്ത് കഴുകണമെന്ന് പ്രവാചകനിഷ്കർഷിച്ചു. പ്രവാചകൻﷺ പറഞ്ഞു: "(വുദൂഅ് ചെയ്യുമ്പോൾ വെള്ളം നനയാത്ത) മടമ്പുകാലുകൾ നരകത്തിലാകുന്നു" (മുസ്‌ലിം). "(വുദൂഅ് ചെയ്യുമ്പോൾ വെള്ളം നനയാത്ത) മടമ്പുകാലുകളും ഉള്ളം കാലുകളും നരകത്തിലാകുന്നു."

നേരിയ രീതിയിൽ കാലുകൾ കഴുകുന്നവരുടെ മടമ്പുകൾ വെള്ളം ചേരാതെ കാണാം. ഇത് ശുദ്ധിയെ നഷ്ടപ്പെടുത്തും. ഇത്തരക്കാർ വീഴ്ച വരുത്തിയവർ തന്നെയാണ്. ഒരാൾ അവയവങ്ങളിൽ സമ്പൂർണമായി വെള്ളം എത്തിച്ച് ഒരു തവണ കഴുകിയാൽ മതിയാകുന്നതാണ്. രണ്ടാമതൊന്നുകൂടി കഴുകിയാൽ ശ്രേഷ്ഠമായി. മൂന്നാമത് ഒന്നുകൂടി കഴുകിയാൽ രണ്ടുതവണ കഴുകിയതിനെക്കാൾ ശ്രേഷ്ഠമായി. എന്നാൽ മൂന്നിലേറെ വർധിപ്പിക്കാവതല്ല. മൂന്നിലേറെ കഴുകൽ ധൂർത്തും തീവ്രതയുമാണ്. അപ്പോൾ പത്തുതവണ കഴുകുന്നത് എത്ര മാത്രം ദോഷകരമായിരിക്കും?!

### മലമൂത്ര വിസർജനം നടത്തിയാൽ ശുദ്ധിയാക്കലും നജസ് നീക്കലും

മലമൂത്ര വിസർജന ശേഷം ശുദ്ധിയാക്കുമ്പോൾ ചിലർ അനേകതവണ കഴുകുന്നത് കാണാം. അവർ ഗുഹ്യാവയവങ്ങളിൽ വെള്ളം ഒഴിച്ചുകൊണ്ടേയിരിക്കും. വാസ്തവത്തിൽ, ഏറിയാൽ ഏഴുതവണയാണ് കഴുകുവാനുള്ളത്!

നജസ് നീക്കുമ്പോഴും ഇപ്രകാരമാണ് ചിലർ. രണ്ടോ മൂന്നോ തവണ കഴുകി മതിയാക്കുന്നതിനുപകരം പത്തോ പത്തിൽ കൂടുതലോ തവണ കഴുകുന്നു. ചിലപ്പോൾ രക്തം പൊടിയുന്നതുവരെ ഉരച്ച് കഴുകിക്കൊണ്ടിരിക്കും.

### കുളി

കുളി ഇസ്‌ലാമിലെ ഒരു ശുദ്ധികർമമാണ്. വലിയ അശുദ്ധിയുണ്ടായാൽ കുളിക്കണമെന്ന് അല്ലാഹു മനുഷ്യരോട് കൽപിച്ചു. അല്ലാഹു പറഞ്ഞു:

"സത്യവിശ്വാസികളേ, ലഹരിബാധിച്ചവരായിക്കൊണ്ട് നിങ്ങൾ നമസ്കാരത്തെ സമീപിക്കരുത്; നിങ്ങൾ പറയുന്നതെന്തെന്ന് നിങ്ങൾക്ക് ബോധമുണ്ടാകുന്നത് വരെ. ജനാബത്തുകാരായിരിക്കുമ്പോൾ നിങ്ങൾ കുളിക്കുന്നത് വരെയും (നമസ്കാരത്തെ സമീപിക്കരുത്). നിങ്ങൾ വഴികടന്ന് പോകുന്നവരായിക്കൊണ്ടല്ലാതെ. നിങ്ങൾ രോഗികളായിരിക്കുകയോ യാത്രയിലാവുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജനം കഴിഞ്ഞ് വരികയോ, സ്ത്രീകളുമായി സമ്പർക്കം നടത്തുകയോ ചെയ്തുവെങ്കിൽ-എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ലെങ്കിൽ- നിങ്ങൾ ശുദ്ധിയുള്ള ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ടതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തടവുക. തീർച്ചയായും അല്ലാഹു ഏറെ മാപ്പു നൽകുന്നവനും പൊറുക്കുന്നവനുമാകുന്നു" (4:43).



"...നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക..." (5:6).

കുളി എന്നാൽ ശരീരം മുഴുവൻ വെള്ളംകൊണ്ട് കഴുകലാണ്. വുദൂഇൽ പറഞ്ഞതുപോലെ കുളിയുടെ വിഷയത്തിലും രണ്ട് വിഭാഗങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു വിഭാഗം തീവ്രത കാണിച്ചു. അവർ മണിക്കൂറുകൾ സമയമെടുത്ത് കുളിക്കും. ഉരച്ച് ചുരണ്ടി ശരീരത്തിൽ നിന്ന് രക്തം പൊടിയുവോളം! നഖങ്ങൾ കൊണ്ടുവരെ ചുരണ്ടും. ഇത്തരം പ്രവൃത്തികൾ തീവ്രതയാണ്. തെളിവ് അറിയിക്കുന്നതല്ല. ഇത് പൈ

ശാചികമാണ്. മനുഷ്യർക്ക് മടുപ്പുള്ളവാകണം നമസ്കാരം; ഭാരിച്ചതുമാകണം എന്നൊക്കെയാണ് പിശാച് ഇതിലൂടെ ലക്ഷ്യമിടുന്നത്. നമസ്കാരം ഭാരമായാൽ ഇതര ഇബാദത്തുകളെ ഉപേക്ഷിക്കുന്നതു പോലെ അവൻ നമസ്കാരവും ഉപേക്ഷിക്കും.

മറ്റൊരു വിഭാഗം, ശരീരം ഉരച്ചുകഴുകാതെ തടവുക മാത്രം ചെയ്ത് കുളിക്കുന്നു. ഇവർ വിഷയം ചുരുക്കി. ഇതും തെറ്റാണ്. ശത്രുവായ പിശാചാണ് ഇതിന് പിന്നിലും പ്രവർത്തിക്കുന്നത്. അവൻ മനുഷ്യന്റെ വിശ്വാസത്തെ തകർക്കുവാൻ ആർത്തി കാണിക്കുന്നതുപോലെ അവന്റെ കർമങ്ങൾ തകർക്കുവാനും താൽപര്യമുള്ളവനാണ്. പിശാച് മനുഷ്യന്റെ ക്വൽബിലേക്കടുത്തുനോക്കും. തീവ്രതയുടേതാണ് ക്വൽബെന്നറിഞ്ഞാൽ അധികരിപ്പിക്കുവാനുള്ള വസ്വാസുണ്ടാക്കും. പിശാച് അവനോട് മന്ത്രിക്കും: മറ്റുള്ളവരുടെ ശുദ്ധി നിനക്ക് മതിയാകില്ല. ജനങ്ങൾ ഒരു കോരൽ വെള്ളംകൊണ്ട് വുദൂഅ് ചെയ്താൽ നീ ഒരു സ്വാഅ് വെള്ളം ഉപയോഗിക്കണം. ആളുകൾ മൂന്നുപ്രാവശ്യം കഴുകിയാൽ നീ ഏഴുകൊണ്ടും പത്തുകൊണ്ടും മതിയാക്കരുത്, നീ വർധിപ്പിക്കുക, ത്യാഗം സഹിക്കുന്നതിനനുസരിച്ച് പ്രതിഫലവും, കർമം പെരുപ്പിക്കുന്നതിനനുസരിച്ച് കൂലിയും പതിന്മടങ്ങായി ലഭിച്ചുകൊണ്ടിരിക്കും... ഇങ്ങനെയായിരിക്കും പൈശാചിക വസ്വാസുകൾ.

ഇസ്ലാം നന്മയാണ് കൽപിച്ചിരിക്കുന്നത്. കുഴപ്പകരമായത് വിരോധിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. പ്രവാചകൻﷺയുടെ കർമങ്ങളും സുന്നത്തുകളും പിൻപറ്റുകയാണ് വേണ്ടത്. കാരണം അതാണ് ഉത്തമമായ ചര്യകൾ. അതിൽ വർധിപ്പിക്കുന്നത് പുതുനിർമിതിയാണ് അഥവാ ബിദ്അത്താണ്. കാര്യങ്ങളിൽ ഏറ്റവും മോശമായത് ബിദ്അത്തുകളാണ്. ഇതിനാലാണ് പ്രവാചകചര്യകൾക്കപ്പുറം പ്രവർത്തിക്കുവാൻ പിശാച് വസ്വാസുണ്ടാക്കുന്നത്.

നബിﷺയുടെ ചര്യകളിൽ തൃപ്തിയടയാത്തവർ വിശ്വസിക്കുന്നത് ഇസ്ലാം ന്യൂനമാണെന്നും റസൂൽ വ്യക്തമായ രീതിയിൽ ദഅ്വത്ത് എത്തിച്ചിട്ടില്ലായെന്നും ഏതാനും ദീനീവിഷയങ്ങളിൽ പരിമിതപ്പെട്ടു അദ്ദേഹത്തിന്റെ അധ്യാപനങ്ങളെന്നുമൊക്കെയാണ്. ഇത്തരം പിഴച്ച വിശ്വാസങ്ങൾ ഒരാൾക്കുണ്ടായാൽ അയാൾ വ്യതിയാനത്തിലും വഴികേടിലും ചെന്ന്ചാടുകയാണ് ചെയ്യുന്നത്.

പ്രവാചകന്മാർ രിസാലത്തിൽ വല്ലതും ഗോപ്യമാക്കി, അവർ ശരീഅത്തിൽ മാറ്റം വരുത്തി, അത് എത്തിക്കുന്നതിൽ വീഴ്ചവരുത്തി എന്നിങ്ങനെ വിശ്വസിക്കൽ നിരർഥകവും പിഴച്ചതും മറ്റുള്ളവരെ തെറ്റിക്കുന്നതും ഇസ്ലാമിൽനിന്ന് പുറത്താക്കുന്നതുമാകുന്നു. ഇങ്ങനെ പിശാച് ധാരാളം കർമങ്ങളിൽ മനുഷ്യരെ വസ്വാസിൽ പെടുത്തിയിട്ടുണ്ട്. അല്ലാഹുവേ നിന്റെ കാവൽ!

**ത്വഹാറത്ത് മതപരമായ ഒരു ഇബാദത്താണ്. ശുദ്ധിയാകണം എന്ന് അല്ലാഹു തന്റെ വിശ്വാസികളായ ദാസന്മാരോട് കൽപിച്ചു. പ്രസ്തുത കൽപന തീർത്തും മിതത്വമാണ്. എന്നാൽ രണ്ടുവിഭാഗങ്ങൾ ശുദ്ധിയുടെ വിഷയത്തിൽ രംഗപ്രവേശം ചെയ്തു. ഒരു വിഭാഗം തീവ്രരായി. മറ്റൊരു വിഭാഗം ചുരുക്കി. തീവ്രരായവർ ശുദ്ധിയുടെ വിഷയത്തിൽ ഇല്ലാത്തവ അതിലേക്ക് ചേർക്കുകയും വിഷയം കർക്കശമാക്കുകയും ചെയ്തു. ശുദ്ധി, കുളി, വുദൂഅ് തുടങ്ങിയ വിഷയങ്ങളിൽ പ്രവാചകൻﷺ യിൽനിന്നും സ്വഹാബത്തിൽനിന്നും ഉദ്ധരിക്കപ്പെട്ടതിൽ അവർ വിരക്തരാകുകയും അത് തങ്ങളെ ശുദ്ധിയാക്കുവാൻ പര്യാപ്തമല്ലെന്ന നിലയിൽ അവർ പലതും വർധിപ്പിച്ച് അവർ അതിരുവിടുകയും ചെയ്തു.**

**നിയ്യത്ത്**

നിയ്യത്ത് ചെയ്യുന്ന വിഷയത്തിൽ ചിലരുടെയടുത്ത് പിശാച് അതിരുകവിയും. നീ നിയ്യത്ത് ചെയ്തിട്ടില്ല, നിന്റെ നിയ്യത്ത് ശരിയായിട്ടില്ല, നിയ്യത്ത് തക്ബീറിനോടൊപ്പം ചെയ്തിട്ടില്ല തുടങ്ങിയ വസ്വാസുകൾ നിയ്യത്തിൽ പിശാച് ഉണ്ടാക്കികൊണ്ടിരിക്കും. നിയ്യത്തിന്റെ വിഷയത്തിൽ സമയം പോകുകയും നമസ്കാരവും മറ്റു ഇബാദത്തുകളും സമയത്തിന്റെ മഹത്ത്വവും എല്ലാം അയാൾക്ക് നഷ്ടമാകുകയും ചെയ്യും. യാഥാർഥത്തിൽ ഇത്തരം വസ്വാസുകൾ അല്ലാഹു നിശ്ചയിച്ചതിൽ പെട്ടതല്ല.

ചിലർ നിയ്യത്ത് ഗൗനിക്കാറേ ഇല്ല. അത്തരക്കാർ നല്ല ഉദ്ദേശമോ, ശരിയായ നിയ്യത്തോ ഇല്ലാതെ നമസ്കരിക്കുകയും നോമ്പ് നോൽക്കുകയും ചെയ്യുന്നു. ഇത്തരക്കാർ വീഴ്ച വരുത്തുന്നവരും കുറവ് പ്രവർത്തിക്കുന്നവരും തന്നെയാണ്. അംഗശുദ്ധി വരുത്തുന്നു, നമസ്കാരത്തിൽ പ്രവേശിക്കുന്നു... എന്നിങ്ങനെ മനസ്സിൽ കരുതുകയാണ് വേണ്ടത്. അതാണ് മധ്യമനിലപാട്. അപ്രകാരം പ്രവർത്തിച്ചാൽ അവൻ നിയ്യത്ത് ചെയ്തവനായി. അവന്റെ നിയ്യത്ത് ശരിയായി, മതിയായതുമായി.

റാഷിദ ബിൻത് ഉസ്മാൻ
AIWA കോളേജ്, മോങ്ങം



# ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട

പണ്ടു പണ്ട് ഒരു രാജ്യത്തിലെ മന്ത്രി തന്റെ ഉയർന്ന ഉദ്യോഗസ്ഥരോടൊപ്പം അങ്ങാടിയിലൂടെ നടക്കുകയായിരുന്നു. അങ്ങനെ അവർ അടിമച്ചന്തയുടെ അടുത്തെത്തി. അവിടെ വിൽപനയ്ക്ക് നിർത്തിയ ധാരാളം അടിമകളുണ്ടായിരുന്നു. സ്വാതന്ത്ര്യമില്ലാതെ പരിതാപകരമായ അവസ്ഥയിൽ ഏത് യജമാനന്റെ കയ്യിലായിരിക്കും ഇനി എത്തിപ്പെടുക എന്ന ചിന്തയിൽ നിൽക്കുന്നവർ.

മന്ത്രി അവരെ സമീപിച്ചു. അന്നേരം വയസ്സനായ ഒരു അടിമ പറഞ്ഞു: "അങ്ങയുടെ തലപ്പാവിൽ കറുത്ത കറ കാണുന്നുണ്ട്."

"നേരാണോ നീ പറയുന്നത്?" എന്ന് ചോദിച്ചുകൊണ്ട് മന്ത്രി തന്റെ തലപ്പാവ് അഴിച്ച് പരിശോധിച്ചു. അടിമ പറഞ്ഞത് ശരിയായിരുന്നു. കറയുടെ വലിയൊരു അടയാളമുണ്ട്.

മന്ത്രിമന്ദിരത്തിൽ നിന്നും പുറത്തിറങ്ങിയിട്ട് മണിക്കൂറുകളായി. ഇത്രയും നേരം ആളുകൾക്കിടയിലൂടെ ഇതും ധരിച്ചുകൊണ്ടാണ് നടന്നത്. എല്ലാവരും കണ്ടിട്ടുണ്ടാകും. ഛെ, മോശം!

മന്ത്രി അൽപം ദേഷ്യത്തോടെ തന്റെ കൂടെയുള്ളവരോട് പറഞ്ഞു: "നിങ്ങൾ ഇത്രയും നേരം എന്റെ കൂടെത്തന്നെയായിരുന്നു. നിങ്ങളെല്ലാവരും എന്റെ തലപ്പാവിലെ കറ കാണുകയും ചെയ്തിട്ടുണ്ട്. പക്ഷേ, ആരും ഈ വിവരം എന്നോട് പറഞ്ഞില്ല. ഈ പാവം അടിമ പറഞ്ഞില്ലെങ്കിൽ ഇപ്പോഴും ഞാനിത് അറിയുമായിരുന്നില്ല."

മന്ത്രിയുടെ കൂടെയുള്ളവരെല്ലാം തലയും താഴ്ത്തി നിന്നു.

മന്ത്രി തുടർന്നു: "ഈ അടിമയാണ് എന്റെ യഥാർഥ സുഹൃത്ത്. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ കണ്ണാടിയാണെന്ന് നബിﷺ പറഞ്ഞതായി നിങ്ങൾ കേട്ടിട്ടില്ലേ? ഇദ്ദേഹത്തെ അടിമയായി വിൽക്കാൻ ഞാൻ സമ്മതിക്കില്ല."

മന്ത്രി ഉടനെത്തന്നെ അയാളെ പണം കൊടുത്ത് വാങ്ങി സ്വതന്ത്രനാക്കി.

കൂട്ടുകാരേ, മറ്റുള്ളവരുടെ കുറ്റവും കുറവും പറഞ്ഞു നടക്കുകയല്ല നമ്മൾ ചെയ്യേണ്ടത്. കൂട്ടുകാരിൽ കാണുന്ന കുറവുകൾ നാം അവരോട് തന്നെ ചൂണ്ടിക്കാണിക്കണം. എങ്കിൽ മാത്രമെ അവർക്കത് തിരുത്തുവാനും നന്നാകുവാനും സാധിക്കുകയുള്ളൂ.

(ആശയവിവർത്തനം)

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ബാലപഥം



# കൂട്ടുകൂടുമ്പോൾ...

കൂട്ടുകാരേ, കൊച്ചു കൂട്ടുകാരേ
കൂട്ടുകൂടുമ്പോൾ നാം സൂക്ഷിക്കണേ
ചീത്തയാം കൂട്ട് നാം വർജിക്കണേ
നല്ലവർക്കൊപ്പം നാം ചേർന്നീടണേ
കളവും ചതിയും നാം ചെയ്തുകൂടാ
ആരോടും നുണപറയാൻ പറ്റുകില്ലാ
കൂട്ടുകാർക്കൊക്കെയും മാതൃകയായ്
കുട്ടികളേ നിങ്ങൾ മാറീടണേ

ഒട്ടുമേ തെറ്റുകൾ ചെയ്തീടല്ലേ
നഷ്ടം ഭവിച്ചിടും ഓർത്തിടണേ
കൂട്ടുകാർ തെറ്റുകൾ ചെയ്തിടുമ്പോൾ
അരുതെന്ന് പറയാൻ മറന്നിടല്ലേ
മത്സരം നന്മക്ക് വേണ്ടിയാകാം
തിന്മയിൽ മത്സരം വേണ്ടേ വേണ്ടാ
ഉമ്മാക്കും ഉപ്പാക്കും വേണ്ടി ദുആ
ചെയ്യുന്ന മക്കളായ് മാറിടേണം.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ലേഖനം



# ബഹുദൈവാരാധനയുടെ രംഗപ്രവേശനം

ഏതൊരു സമൂഹത്തിലും ശിർക്കിന്റെ രംഗപ്രവേശനം പടിപടിയായിട്ടാണ് ഉണ്ടാകാറുള്ളത്. ഒരാൾ മരണപ്പെട്ടാൽ ആദ്യം അവരെ മഹാന്മാരായി ജനങ്ങളിൽ പരിചയപ്പെടുത്തും. അതിനായി ഉള്ളതും ഇല്ലാത്തതുമായ നൂലാമാലകൾ എഴുതിയുണ്ടാക്കും. പിന്നീട് മറ്റു ക്വബ്റുകളിൽ നിന്ന് പ്രകടമായി കാണുന്ന രൂപത്തിൽ മഹാത്മാവെന്ന് പറയപ്പെടുന്നവരുടെ ക്വബ്റിനെ മാറ്റം വരുത്തും. ശേഷം അതിനെ കെട്ടിപ്പൊക്കുകയും അതിന്മേൽ പൂവ് വിതറിയും മാല ചാർത്തിയും ചന്ദനത്തിരി കത്തിച്ചും സാമ്പ്രാണി പുകച്ചും വിളക്ക് കത്തിച്ചും മറ്റും ഒരു നിഗൂഢ പരിവേഷം നൽകി ആ ക്വബ്റാളിയോട് പ്രാർഥിക്കുകയും ചെയ്യും. ശിർക്കിലേക്ക് ജനങ്ങളെ ഇപ്രകാരമാണ് പിശാച് എത്തിക്കുന്നത്.

നൂഹ് നബിﷺന്റെ ജനതയെ പിശാച് പിഴപ്പിച്ചതിന്റെ പടവുകൾ നോക്കൂ. ആദ്യം അവരോട് വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്ർ തുടങ്ങിയവരുടെ പ്രതിമകൾ ഉണ്ടാക്കുവനായി നിർദേശിക്കുന്നു. ആ സമയം അവരെ ആരാധിക്കുവാൻ അവരോട് അവൻ കൽപിച്ചില്ല. മറിച്ച് അവരെക്കുറിച്ചുള്ള ഓർമകളും മറ്റും നിലനിൽക്കാനും അതിലൂടെ നിങ്ങളുടെ ജീവിതം നന്നാക്കാനും ഇത് നല്ലതാണ് എന്ന് തോന്നിപ്പിച്ചു. അടുത്ത തലമുറയോട് അവയെ ആരാധിക്കുവാനുള്ള ദുർബോധനമാണ് നടത്തിയത്. ഇവിടെ എത്രയോ ആളുകൾ മരണപ്പെട്ടല്ലോ. എന്നാൽ അവരുടെയെല്ലാം രൂപം നിർമിച്ചതായി നാം കാണുന്നില്ല. പക്ഷേ, അഞ്ചുപേരുടെ മാത്രം രൂപങ്ങൾ കാണപ്പെടുന്നു. അതിന് ചില കാരണങ്ങളുണ്ട്. ഇവർ നല്ലവരായ ആളുകളായിരുന്നു. അതിനാൽ അവരുടെ അടുത്തേക്ക് ജനങ്ങൾ പാപങ്ങൾ പൊറുത്തു കിട്ടാനും തങ്ങളുടെ കാര്യങ്ങൾ സാധിപ്പിച്ചു കിട്ടാനും

അല്ലോഹുവിനോട് തേടാനായി ചെന്നിരുന്നു. അവർ അല്ലാഹുവിനോട് ദുആ ചെയ്യും; പ്രാർഥനക്ക് ഉത്തരം നൽകപ്പെടുകയും ചെയ്യും. എന്നാൽ അവർ മരണപ്പെട്ടിരിക്കുന്നു. പക്ഷേ, അവരുടെ കഴിവുകൾ നിലനിൽക്കുന്നു. നമ്മളാകട്ടെ പാപികളാണ്. അതിനാൽ ഇവരെ സമീപിച്ച് ഇവരോട് നമ്മുടെ കാര്യങ്ങൾ പറഞ്ഞാൽ ഇവർ അല്ലാഹുവിനോട് നമ്മുടെ കാര്യങ്ങൾ പറഞ്ഞ് സാധിപ്പിച്ചുതരും. ഇത്തരം ദുർബോധനങ്ങൾ ജനങ്ങൾ ഉൾക്കൊണ്ടു. അവർ അപ്രകാരം ചെയ്ത് ശിർക്കിൽ പതിച്ചു. അല്ലാഹുവിന് മാത്രം അർപ്പിക്കേണ്ട പ്രാർഥനയും നേർച്ചയും ബലിയും സത്യം ചെയ്യലും ഭജനമിരിക്കലും എല്ലാം മഹാന്മാരിലേക്ക് തിരിക്കപ്പെട്ടു. ആ ദുർനടപടി അങ്ങനെ തുടർന്നുവന്നു.

പ്രതിമകളുടെ മുന്നിലാണ് അവരുടെ ആരാധന നടപടികളെല്ലാം അവർ നിർവഹിക്കുന്നതെങ്കിലും അവരുടെ മനസ്സിൽ കേവലം ആ കല്ലുകളല്ല ഉണ്ടായിരുന്നത്. ആ കല്ലുകൾ ആരെയാണോ പ്രതിനിധീകരിക്കുന്നത് അവരുടെ പ്രീതിയും പൊരുത്തവും പ്രതീക്ഷിച്ചും അവരിൽ നിന്നുള്ള പൊരുത്തക്കേടുകളെ ഭയപ്പെട്ടുമായിരുന്നു അവർ പ്രവർത്തിച്ചിരുന്നത്. ഇവിടെ അഭൗതിക മാർഗത്തിലൂടെയുള്ള ഗുണവും ദോഷവും സൃഷ്ടികളിൽ നിന്ന് പ്രതീക്ഷിക്കുകയാണ് ചെയ്യുന്നത്. അഭൗതിക മാർഗത്തിലൂടെ സ്രഷ്ടാവായ അല്ലാഹുവിൽ നിന്നല്ലാതെ യാതൊരു ഗുണത്തെയോ ദോഷത്തെയോ പ്രതീക്ഷിക്കാവതല്ല.

ആ ജനതയിൽ ശിർക്ക് തുടങ്ങിയപ്പോൾ അല്ലാഹു അവരിലേക്ക് നൂഹിനെ നിയോഗിച്ചു. അല്ലാഹു പറയുന്നു: "തീർച്ചയായും നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയച്ചു. നിന്റെ ജനതയ്ക്ക് വേദനയേറിയ ശിക്ഷ വരുന്നതിന്റെ മുമ്പ് അവർക്ക് താക്കീത് നൽകുക എന്ന് നിർദേശിച്ചു കൊണ്ട്. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളെ, തീർച്ചയായും ഞാൻ നിങ്ങൾക്കു വ്യക്തമായ താക്കീതുകാരനാകുന്നു. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനെ സൂക്ഷിക്കുകയും എന്നെ അനുസരിക്കുകയും ചെയ്യുവിൻ. എങ്കിൽ അവൻ നിങ്ങൾക്കു നിങ്ങളുടെ പാപങ്ങളിൽ ചിലത് പൊറുത്തുതരികയും, നിർണയിക്കപ്പെട്ട ഒരു അവധി വരെ നിങ്ങളെ നീട്ടിയിടുകയും ചെയ്യുന്നതാണ്. തീർച്ചയായും അല്ലാഹുവിന്റെ അവധി വന്നാൽ അത് നീട്ടികൊടുക്കപ്പെടുകയില്ല. നിങ്ങൾ അറിഞ്ഞിരുന്നെങ്കിൽ" (ഖുർആൻ 71:1-4).

"നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് അയക്കുകയുണ്ടായി. അമ്പത് കൊല്ലം ഒഴിച്ചാൽ ആയിരം വർഷം തന്നെ അദ്ദേഹം അവർക്കിടയിൽ കഴിച്ചുകൂട്ടി..."(29:14).

പ്രവാചകന്മാരുടെ ചരിത്രം നാം പഠിക്കുന്നത് അവരുടെ മാർഗം പിന്തുടരുന്നതിന് ആവശ്യമായ കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയാനാണ്. നൂഹ്(عليه السلام) 950 കൊല്ലം ജനങ്ങൾക്കിടയിൽ ഇറങ്ങി നടന്ന് 'ലാ ഇലാഹ ഇല്ലല്ലാഹു' പഠിപ്പിക്കുകയാണ്, അതിലേക്ക് ക്ഷണിക്കുകയാണ്.

**പ്രവാചകന്മാരാണ് അല്ലാഹുവിന്റെ ദീനിനെ കുറിച്ച് അഗാധ ജ്ഞാനം നേടിയവർ. കാരണം അവർക്കാണ് അല്ലാഹുവിങ്കൽ നിന്നുള്ള അറിവ് നേരിട്ട് എത്തുന്നത്. അവർ ഒരു മുറിയിലോ മറ്റോ ഇരുന്ന് അവിടെ വരുന്നവർക്ക് മാത്രം തൗഹീദ് പഠിപ്പിക്കുകയല്ല ചെയ്തത്. മറിച്ച് അവർ അല്ലാഹുവിങ്കൽ നിന്നും ലഭിച്ചിട്ടുള്ള അറിവുമായി ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയായിരുന്നു ചെയ്തത്. ഇസ്‌ലാമിന് ലോകത്ത് പ്രചാരം സിദ്ധിച്ചത് തന്നെ ഈ പ്രബോധന മാർഗത്തിലൂടെയായിരുന്നു. ഇസ്‌ലാമിക പ്രബോധനം ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്നുള്ളതായിരുന്നുവെന്നാണ് പ്രവാചകന്മാരുടെയും അവരെ പിന്തുടർന്നവരുടെയും ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.**

പ്രവാചകന്മാരാണ് അല്ലാഹുവിന്റെ ദീനിനെ കുറിച്ച് അഗാധ ജ്ഞാനം നേടിയവർ. കാരണം അവർക്കാണ് അല്ലാഹുവിങ്കൽ നിന്നുള്ള അറിവ് നേരിട്ട് എത്തുന്നത്. അവർ ഒരു മുറിയിലോ മറ്റോ ഇരുന്ന് അവിടെ വരുന്നവർക്ക് മാത്രം തൗഹീദ് പഠിപ്പിക്കുകയല്ല ചെയ്തത്. മറിച്ച് അവർ അല്ലാഹുവിങ്കൽ നിന്നും ലഭിച്ചിട്ടുള്ള അറിവുമായി ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയായിരുന്നു ചെയ്തത്. ഇസ്‌ലാമിന് ലോകത്ത് പ്രചാരം സിദ്ധിച്ചത് തന്നെ ഈ പ്രബോധന മാർഗത്തിലൂടെയായിരുന്നു. നബിﷺ പല സ്വഹാബികളെയും മറുനാടുകളിലേക്ക് പ്രബോധനത്തിനായി നിയോഗിച്ചിട്ടുണ്ട്. ഇസ്‌ലാമിക പ്രബോധനം ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിച്ചെന്നുള്ളതായിരുന്നുവെന്നാണ് പ്രവാചകന്മാരുടെയും അവരെ പിന്തുടർന്നവരുടെയും ചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

നൂഹ്(عليه السلام) 'ലാ ഇലാഹ ഇല്ലല്ലാഹു' എന്ന ആശയം ജനങ്ങളിലേക്ക് എത്തിക്കുവാനായി കഴിയുന്ന മാർഗങ്ങളെല്ലാം സ്വീകരിച്ചുനോക്കി. അദ്ദേഹം അ

ല്ലാഹുവിനോട് പറയുന്നത് കാണുക:

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനതയെ രാവും പകലും ഞാൻ വിളിച്ചു. എന്നിട്ട് എന്റെ വിളി അവരുടെ ഓടിപ്പോക്ക് വർധിപ്പിക്കുക മാത്രമെ ചെയ്തുള്ളു. തീർച്ചയായും, നീ അവർക്ക് പൊറുത്തുകൊടുക്കുവാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ അവരുടെ വിരലുകൾ കാതുകളിൽ വെക്കുകയും, അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും, അവർ ശഠിച്ചു നിൽക്കുകയും, കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്. പിന്നീട് അവരെ ഞാൻ ഉറക്കെ വിളിച്ചു. പിന്നീട് ഞാൻ അവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി" (71:59).

ജനങ്ങൾക്ക് തൗഹീദിന്റെ സന്ദേശം എത്തിക്കുന്നതിനായി ആവതും പരിശ്രമിച്ചു. പകലിൽ കാണുന്നവരോട് പകൽ സമയത്ത് പറയും. രാത്രി കാണാൻ കഴിയുന്നവരെ രാത്രിയിൽ ചെന്ന് കാണും. രഹസ്യമായി കണ്ടാൽ സംസാരത്തിന് കാത് നൽകുന്നവരുണ്ടാകും; അവരെ അങ്ങനെ കാണും. ചിലർ അതിനും സമ്മതിക്കാത്തവരാകും; അപ്പോൾ അവരും കൂടി കേൾക്കുന്ന ശബ്ദത്തിൽ പരസ്യമായും ഉറക്കെയും വിളിച്ചു പറയും. എങ്ങനെയായിരുന്നാലും ഈ ജനത ഈ സത്യം മനസ്സിലാക്കി ശിർക്കിൽ നിന്ന് രക്ഷപ്പെട്ടെങ്കിൽ എന്ന അതിയായ മോഹമായിരുന്നു അദ്ദേഹത്തിന്. പക്ഷേ, എത്ര പറഞ്ഞു കൊടുത്തിട്ടും ഫലമുണ്ടായില്ല. അവർ ചെവി മൂടിക്കെട്ടി കേൾക്കാൻ വിസമ്മതിക്കുകയും അദ്ദേഹത്തിൽ നിന്ന് ഓടിയകലുകയും ചെയ്തു.

പ്രബോധനത്തിന്റെ ലക്ഷ്യം പ്രബോധകരുടെയും പ്രബോധിതരുടെയും പരലോക മോക്ഷമായിരിക്കണം. അതിനാൽ ഇസ്‌ലാമിന് എതിരാകുന്ന മാർഗങ്ങൾ സ്വീകരിക്കാതെയായിരിക്കണം അതിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നത്. ഭൗതിക നേട്ടങ്ങൾ കാണിച്ച് കൊതിപ്പിച്ചു കൊണ്ടുള്ള, ആദർശം തുടക്കത്തിൽ വ്യക്തമാക്കാതെയുള്ള മിഷണറി രീതി ഇസ്‌ലാം അംഗീകരിക്കുന്നില്ല.

**പ്രബോധനത്തിന്റെ ലക്ഷ്യം പ്രബോധകരുടെയും പ്രബോധിതരുടെയും പരലോക മോക്ഷമായിരിക്കണം. അതിനാൽ ഇസ്‌ലാമിന് എതിരാകുന്ന മാർഗങ്ങൾ സ്വീകരിക്കാതെയായിരിക്കണം അതിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നത്. ഭൗതിക നേട്ടങ്ങൾ കാണിച്ച് കൊതിപ്പിച്ചു കൊണ്ടുള്ള, ആദർശം തുടക്കത്തിൽ വ്യക്തമാക്കാതെയുള്ള മിഷണറി രീതി ഇസ്‌ലാം അംഗീകരിക്കുന്നില്ല.**

നൂഹ് നബി(عليه السلام) അവരെ ഏകദൈവ വിശ്വാസത്തിലേക്ക് മടങ്ങാൻ ആകുന്നത്ര ഉദ്ബോധിപ്പിച്ചുവെങ്കിലും അവർ അത് ചെവിക്കൊള്ളാൻ മനസ്സുവെച്ചില്ല. അന്നേരം അവരോട് അല്ലാഹുവിലേക്ക് മടങ്ങുന്നതിന്റെ ഭൗതിക നേട്ടവും വിവരിക്കുന്നത് കാണുക:

"അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി അയച്ചുതരും. സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങൾ ഉണ്ടാക്കിത്തരികയും നിങ്ങൾക്കവൻ അരുവികൾ ഉണ്ടാക്കിത്തരികയും ചെയ്യും"(71:10-12).

പ്രവാചകന്മാർ ജനങ്ങളോട് പറയുന്നതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരല്ല; അവർ ജനങ്ങളോട് കൽപിക്കുന്ന നന്മകൾ ചെയ്യുന്നവരും വിരോധിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുന്നവരുമാണ്. പ്രബോധകൻ എപ്പോഴും അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുന്നവനായിരിക്കണം. നമ്മൾ പാപികളാണ്. അത്യുന്നതനായ അല്ലാഹുവിലേക്ക് നാം എങ്ങനെ നേരിട്ട് അടുക്കും? അതിനാൽ അവനിലേക്ക് അടുത്തവർ മുഖേന നമുക്ക് അവനിലേക്ക് അടുക്കാം എന്നാണ് പലരും സൃഷ്ടിപൂജക്ക് ന്യായീകരണം നടത്താറുള്ളത്. നൂഹ്(عليه السلام) 'ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനോട് പാപമോചനം തേടുവിൻ. അവൻ പാപങ്ങൾ അങ്ങേയറ്റം പൊറുത്തു മാപ്പ് നൽകുന്നവനാണ്' എന്നാണ് പറഞ്ഞത്. ഇതായിരിക്കണം പ്രബോധകരുടെ ശൈലി. ജനങ്ങളെ നിരാശപ്പെടുത്തുകയല്ല വേണ്ടത്. മറിച്ച്, അല്ലാഹു ആരാണെന്ന് വ്യക്തമാക്കി കൊടുക്കണം. അവൻ പാപങ്ങളേതും പൊറുത്തു തരുന്നവനാണെന്നും അവനോട് പശ്ചാത്തപിക്കുകയാണ് ചെയ്യേണ്ടതെന്നും അവരെ അറിയിക്കുന്നതോടൊപ്പം അവന്റെ ശിക്ഷ ഭയങ്കരമാണെന്നും അറിയിക്കണം.

പാപങ്ങളിൽ മുഴുകുകയും അല്ലാഹുവോട് പാപമോചനം തേടുകയും പശ്ചാത്തപിക്കാതിരിക്കുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ മനുഷ്യർക്ക് തടയപ്പെടും എന്ന മുന്നറിയിപ്പും ഈ വചനത്തിൽ കാണാം.

മഹാന്മാരായ മുൻഗാമികൾ വല്ല വിപത്തും നേരിടുമ്പോൾ പാപങ്ങൾ കാരണമാണോ ഇത് ബാധിച്ചിരിക്കുന്നതെന്ന് സംശയിക്കുകയും ജനങ്ങളോട് ജാഗ്രത കൈക്കൊള്ളാൻ ആഹ്വാനം ചെയ്യുകയും ചെയ്യാറുണ്ടായിരുന്നു.

സഈദ് ബ്നു മുസ്വയ്യിബി(റ)നോട് ചിലർ വരൾച്ചയെ കുറിച്ചും സന്താനമില്ലാത്തതിനെ കുറിച്ചും കാർഷിക അഭിവൃദ്ധിയില്ലായ്മയെ കുറിച്ചും പറഞ്ഞപ്പോൾ നൂഹ്(അ) ജനങ്ങളോട് പറഞ്ഞ അതേ കാര്യം തന്നെയാണ് നിർദേശിച്ചത്.

പ്രപഞ്ചത്തിൽ അല്ലാഹു സംവിധാനിച്ചിട്ടുള്ള അത്ഭുതങ്ങളിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിച്ചും തൗഹീദ് മനസ്സിലാക്കിക്കൊടുക്കാൻ അദ്ദേഹം ശ്രമിച്ചു:

"നിങ്ങൾക്കെന്തു പറ്റി? അല്ലാഹുവിന് ഒരു ഗാംഭീര്യവും നിങ്ങൾ പ്രതീക്ഷിക്കുന്നില്ല! നിങ്ങളെ അവൻ പല ഘട്ടങ്ങളിലായി സൃഷ്ടിച്ചിരിക്കുകയാണല്ലോ. നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് എന്ന്. ചന്ദ്രനെ അവിടെ ഒരു പ്രകാശമാക്കിയിരിക്കുന്നു. സൂര്യനെ ഒരു വിളക്കുമാക്കിയിരിക്കുന്നു. അല്ലാഹു നിങ്ങളെ ഭൂമിയിൽ നിന്ന് ഒരു മുളപ്പിക്കൽ മുളപ്പിച്ചിരിക്കുന്നു. പിന്നെ അതിൽ തന്നെ നിങ്ങളെ അവൻ മടക്കുകയും നിങ്ങളെ ഒരിക്കൽ അവൻ പുറത്തു കൊണ്ട് വരികയും ചെയ്യുന്നതാണ്. അല്ലാഹു നിങ്ങൾക്കു വേണ്ടി ഭൂമിയെ ഒരു വിരിപ്പാക്കുകയും ചെയ്തിരിക്കുന്നു. അതിലെ വിസ്താരമുള്ള പാതകളിൽ നിങ്ങൾ പ്രവേശിക്കുവാൻ വേണ്ടി." (71:13-20).

ഇക്കാര്യങ്ങളെല്ലാം വിവരിച്ച് അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടും ആ ജനതയിൽ മാറ്റമുണ്ടായില്ല.




ബുദ്ധിയുടെയും തെളിവിന്റെയും അടിസ്ഥാനത്തിൽ, അല്ലാഹു മാത്രമെ ആരാധ്യനായുള്ളൂവെന്നും പ്രാർഥനകളും നേർച്ച വഴിപാടുകളും അടക്കം ആരാധനയുടെ ഭാഗമായി വരുന്ന ഭയവും സ്നേഹവും അടക്കമുള്ള വികാരങ്ങളും, അനുസരണയും വിധേയത്വവും താഴ്മയുമെല്ലാം സർവലോക രക്ഷിതാവായ അവനു മാത്രമെ അർപ്പിക്കാവൂ എന്നും അവരോട് പറഞ്ഞപ്പോൾ അവർ അദ്ദേഹത്തെ ആക്ഷേപിച്ചും പരിഹസിച്ചും ഒറ്റപ്പെടുത്തി. പ്രമാണിമാർ അദ്ദേഹത്തെ എതിർത്ത് സംസാരിച്ചതും അദ്ദേഹം നൽകിയ മറുപടിയും ഇപ്രകാരമായിരുന്നു:

"...തീർച്ചയായും നീ പ്രത്യക്ഷമായ ദുർമാർഗത്തിലാണെന്ന് ഞങ്ങൾ കാണുന്നു. അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, എന്നിൽ ദുർമാർഗമൊന്നുമില്ല. പക്ഷേ, ഞാൻ ലോകരക്ഷിതാവിങ്കൽ നിന്നുള്ള ദൂതനാകുന്നു. എന്റെ രക്ഷിതാവിന്റെ സന്ദേശങ്ങൾ ഞാൻ നിങ്ങൾക്കു എത്തിച്ചുതരികയും, നിങ്ങളോട് ആത്മാർഥമായി ഉപദേശിക്കുകയുമാകുന്നു. നിങ്ങൾക്കറിഞ്ഞ് കൂടാത്ത പലതും അല്ലാഹുവിങ്കൽ നിന്ന് ഞാൻ അറിയുന്നുമുണ്ട്" (7:60-62).

വ്യക്തമായ തെളിവുകളെ ഖണ്ഡിക്കാൻ സാധിക്കാതെ വരികയും അത് സ്വീകരിക്കുന്നതിന് അഹങ്കാരം തടസ്സമാവുകയും ചെയ്തപ്പോൾ അവർ അദ്ദേഹത്തോട് 'നൂഹേ, നീ പിഴച്ചവനാണ്' എന്ന് പറയുകയാണ് ചെയ്തത്. ഏതൊരു തൗഹീദീ പ്രബോധകനും എക്കാലത്തും നേരിടേണ്ടി വരുന്ന ഒരു വാക്കാകയാണ് ചെയ്തത്. തൗഹീദ് പറയാൻ തുടങ്ങിയാൽ ശത്രുക്കൾ ആദ്യം പറയുക 'അയാളുടെ വാക്കുകൾക്ക് ചെവികൊടുക്കരുത്, അയാൾ പിഴച്ചവനാണ്, പിഴപ്പിക്കുന്നവനാണ്' എന്നൊക്കെയായിരിക്കും. നൂഹി(അ)നോടും ഇതേ വാക്ക് പറഞ്ഞപ്പോൾ അദ്ദേഹം തനിക്ക് യാതൊരു പിഴവും സംഭവിച്ചിട്ടില്ലെന്നും ലോകരക്ഷിതാവായ അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്ന സന്ദേശത്തെ ഞാൻ നിങ്ങളിലേക്ക് എത്തിക്കുക മാത്രമാണ് ചെയ്യുന്നതെന്നും അറിയിച്ചു. ●

മൂസ സ്വലാഹി, കാര
mail@nerpatham.com

ലേഖനം




# ശൈഖ് നാസിറുസ്സഅദി(റഹി) ജീവിതവും സന്ദേശവും

**പ**ണ്ഡിതന്മാർ പ്രവാചകന്മാരുടെ അനന്തരാവകാശികളും സമൂഹത്തെ മുന്നിൽ നിന്ന് സത്യത്തിലേക്ക് നയിക്കുന്നവരുമാണ്. മതവിജ്ഞാനത്തിന്റെ നാനാഭാഗങ്ങളിലും തങ്ങളുടെ കഴിവനുസരിച്ചുള്ള കൈകാര്യകർതൃത്വമാണ് അവരെ ഏൽപിക്കപ്പെട്ടിട്ടുള്ളത്. ഓരോ കാലഘട്ടത്തിലെ പണ്ഡിതന്മാരും അവരുടെ മുമ്പേ നടന്നവരിൽ നിന്ന് മാതൃക ഉൾക്കൊണ്ട് തന്നെയാണ് ഈ ഉത്തരവാദിത്തം നിറവേറ്റിയിട്ടുള്ളത്. അവരിൽ പ്രധാനിയും ആധുനികനുമാണ് ശൈഖ് നാസിറുസ്സഅദി(റഹി). ഉത്തമരായ പണ്ഡിതരുടെ ജീവിതത്തെക്കുറിച്ചറിയൽ പ്രബോധകർക്കേറെ ഫലമേകുന്നതിനാൽ അദ്ദേഹത്തെ നമുക്ക് ഹ്രസ്വമായി പരിചയപ്പെടാം.

**ജനനം, വളർച്ച**

അബൂഅബ്ദില്ല അബ്ദിർറഹ്മാനുബ്നു നാസ്വിറിബ്നു അബ്ദില്ലാഹിബ്നു നാസ്വിർ അസ്സഅദി എന്നാണ് പൂർണനാമം. തമീം ഗോത്രക്കാരനായ അദ്ദേഹത്തിന്റെ ജനനം ഹിജ്റ 1307 മുഹർറം 12ന് ഖസീമിലെ അനീസയിലായിരുന്നു. നാലാം വയസ്സിൽ ഉമ്മയും ഏഴാം വയസ്സിൽ ഉപ്പയും മരണപ്പെട്ടതിനാൽ യതീമായിട്ടാണ് വളർന്നത്. അറിവിനോടുള്ള താൽപര്യവും ബുദ്ധികൂർമതയും ചെറുപ്പത്തിൽ തന്നെ അറിവ് നേടാൻ പ്രേരണയായി. പതിനൊന്നാമത്തെ വയസ്സിൽ ക്വുർആൻ മനഃപാഠമാക്കി. ശേഷം നാട്ടിലുള്ളവരും അവിടേക്ക് വന്നവരുമായ പണ്ഡിതന്മാരിൽ നിന്ന് മതവിജ്ഞാനത്തിന്റെ മുഴുവൻ തലങ്ങളിലും ഒരു നല്ല വിഹിതം കൈമുതലാക്കി. അങ്ങനെ തന്റെ ഇരുപത്തിമൂന്നാമത്തെ വയസ്സ് മുതൽ പഠനവും പഠിപ്പിക്കലുമായി ജീവിത സമയം കഴിച്ചുകൂട്ടി.

**ഗുരുനാഥന്മാർ**

ഓരോ വിഷയത്തിലും പ്രത്യേകം പ്രാവിണ്യം നേടിയ ഗുരുനാഥന്മാരിൽ നിന്ന് ശൈഖ് അറിവ് തേടിയത് ശ്രദ്ധേയമാണ്.

ഹിജ്റ 1342ൽ വഫാത്തായ ശൈഖ് ഇബ്റാഹീമുബ്നു ഹമദ്ബ്നു ജാസിർ(റഹി)യാണ് ആദ്യത്തെ ഉസ്താദ്.

ഹിജ്റ 1343ൽ വഫാത്തായ ശൈഖ് മുഹമ്മദ് ബ്നു അബ്ദിൽ കരീമുബ്നു ഇബ്റാഹീം അശ്ശ ബലിൽ നിന്നാണ് കർമശാസ്ത്രവും അറബിയും പഠിച്ചത്.

ഹിജ്റ 1351ൽ വഫാത്തായ ശൈഖ് സ്വാലിഹ് ബ്നു ഉഥ്മാൻ അൽക്വാദി(റഹി)യിൽ നിന്ന് തൗഹീദ്, തഫ്സീർ, ഉസ്വൂലുൽ ഫിഖ്ഹ് തുടങ്ങിയ വിഷയങ്ങളിൽ അറിവു നേടി.

ഹിജ്റ 1361ൽ വഫാത്തായ ശൈഖ് അലിയ്യിബ്നു നാസ്വിറിബ്നു മുഹമ്മദ് അബൂവാദി(റഹി)യിൽ നിന്ന് ആറു ഹദീഥ് ഗ്രന്ഥങ്ങളടക്കം പഠിച്ച് ഹദീഥ് ജ്ഞാനത്തിൽ അവഗാഹം നേടി.

ഹിജ്റ 1351ൽ വഫാത്തായ ശൈഖ് മുഹമ്മദ്

അമീൻ മഹ്മൂദ് അൽ ശൻക്വീത്വി(റഹി)യിൽ നിന്നാണ് ഉസ്വൂലുൽ ഹദീഥ്, നഹ്‌വ്, സ്വർഫ് എന്നീ വിജ്ഞാന ശാഖകൾ കൈമുതലാക്കിയത്.

അറിവ് അന്വേഷിക്കുന്നേടത്ത് ഏറ്റവും ഫലപ്രദമായ മാർഗവും രീതിയും അവലംബിക്കലാണ് ഉചിതമെന്ന സന്ദേശം ശൈഖിന്റെ പഠന കാലഘട്ടം നമുക്ക് നൽകുന്നു.

**സ്വഭാവ വൈശിഷ്ട്യം**

ജീവിതത്തിലുടനീളം ഉത്കൃഷ്ട സ്വഭാവത്തിന്റെ ഉടമയായിരുന്നു. വലിയവർ, ചെറിയവർ, ധനികർ, ദരിദ്രർ തുടങ്ങി എല്ലാവരോടും വിനയത്തോടെ പെരുമാറി. തന്റെ സദസ്സിൽ വരുന്നവർക്ക് ഫലപ്രദമായ അറിവ് ലഭിക്കുന്നതിനായി വൈജ്ഞാനിക ചർച്ചകൾ അദ്ദേഹം നടത്തി. ഇഹത്തിലും പരത്തിലും ഉപകാരം ലഭിക്കുന്ന വിഷയങ്ങളിൽ തന്നോടൊപ്പമുള്ളവരോട് നീതിയോടെ സംസാരിച്ചു. ദരിദ്രരായവരെ ഏറെ ഇഷ്ടപ്പെടുകയും തന്റെ കഴിവനുസരിച്ച് അവർക്ക് സഹായിയാവുകയും ചെയ്തു. പഠിപ്പിക്കുന്ന കാര്യങ്ങൾ ഏറ്റവും നല്ല നിലയിലും സമയബന്ധിതവുമാക്കി. ശിഷ്യരുടെ ചിന്ത ഉണർത്തുന്നതിനായി വൈജ്ഞാനിക തർക്കങ്ങൾ നടത്തുകയും അവർക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പഠനഗ്രന്ഥങ്ങളിൽ നിന്ന് ഏറ്റവും പ്രായോജനപ്രദമായത് തെരെഞ്ഞെടുക്കാൻ വിദ്യാർഥികളോടൊപ്പം കൂടിയാലോചന നടത്തി. ഇതിനാൽ തന്നെ പഠന സമയ ദൈർഘ്യം മടുപ്പും വെറുപ്പുമായി ശിഷ്യന്മാർക്ക് അനുഭവപ്പെട്ടില്ല.

ആധുനിക കാലഘട്ടത്തിൽ അറിവുള്ളവരും പ്രബോധന പ്രവർത്തനങ്ങൾ നടത്തുന്നവരും വിജ്ഞാനം പകരുന്നവരും അത് നേടുന്നവരും ഏതെല്ലാം സ്വഭാവ ഗുണങ്ങൾ സ്വായത്തമാക്കണമെന്നതിലേക്ക് വെളിച്ചമേകുന്നതാണ് ശൈഖിന്റെ ജീവിതം.

**വൈജ്ഞാനിക സ്ഥാനം**

ഫിഖ്ഹിലും അതിന്റെ അടിസ്ഥാന നിയമങ്ങളിലും അഗാധ പാണ്ഡിത്യം നേടി. തുടക്കത്തിൽ ഹമ്പലീ മദ്ഹബിനെയും അതിലെ പണ്ഡിതന്മാരെയുമാണ് അനുകരിച്ചത്. എന്നാൽ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി), അദ്ദേഹത്തിന്റെ ശിഷ്യൻ ഇബ്നുൽ ക്വയ്യിം(റഹി) എന്നീ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളെ കൂടുതൽ ഉപയോഗപ്പെടുത്തിയപ്പോൾ ഒരു മദ്ഹബിൽ പരിമിതപ്പെടുത്തുക എന്നത് ശരിയല്ലെന്ന് ബോധ്യമായി. പ്രമാണികമായി വിഷയങ്ങൾക്ക് പരിഗണന നൽകി. എന്നാൽ മദ്ഹബിന്റെ പണ്ഡിതന്മാരെ ആക്ഷേപിക്കാതെയും നിന്ദിക്കാതെയും അവരുടെ മഹത്ത്വത്തെ കുറച്ചു കാണിക്കാതെയും അവരർഹിക്കുന്ന സ്ഥാനവും അദരവും നൽകി. ക്വുർആൻ വിവരണത്തിൽ വലിയ കഴിവ് നേടി. വിജ്ഞാനം, സത്യത്തിലേക്കുള്ള ക്ഷണം എന്നിവയുടെ വ്യാപനത്തിനായി ധാരാളം ഗ്രന്ഥങ്ങൾ രചിച്ചു.

**തഫ്സീറുസ്സഅദി**

“തയ്സീറുൽ കരീമിർറഹ്മാൻ ഫീ തഫ്സീരി കലാമിൽ മന്നാൻ” എന്നാണ് അദേഹത്തിന്റെ ക്വുർആൻ വിശദീകരണ ഗ്രന്ഥത്തിന്റെ പേര്. ശൈഖിന്റെ ശിഷ്യന്മാരിൽ പ്രധാനിയായ ശൈഖ് മുഹമ്മദിബ്നു സ്വാലിഹിബ്നു ഉഥൈമീൻ(റഹി) ഈ തഫ്സീറിനുള്ള പ്രത്യേകതയായി പറഞ്ഞ കാര്യങ്ങൾ ഇവയാണ്:

1. ആഴത്തിൽ അറിവുള്ളവർക്കും സാധാരണക്കാർക്കും എളുപ്പം മനസ്സിലാകുന്ന വ്യക്തതയുള്ള വാചകങ്ങൾ.

2. വായിക്കുന്നവന് പ്രയാസവും സമയനഷ്ടവുമുണ്ടാക്കുന്ന ദീർഘ വിവരണവും ആവശ്യമില്ലാത്തതുമായവ മാറ്റിനിർത്തി.

3. പറയൽ ആവശ്യമില്ലാത്തതായ അഭിപ്രായ വ്യത്യാസങ്ങളെ ഒഴിവാക്കി.

4. അല്ലാഹുവിന്റെ വിശേഷണങ്ങൾ പറയുന്ന വചനങ്ങളെ അവന്റെ ഉദ്ദേശത്തിന് എതിരാകുന്ന വ്യാഖ്യാനങ്ങളും നിഷേധങ്ങളുമില്ലാതെ മൻഹജുസ്സലഫ് അനുസരിച്ച് വിശദീകരിച്ച തഫ്സീർ.

5. ആയത്തുകളിൽ നിന്ന് മതവിധികളെ വളരെ സൂക്ഷ്മമായി നിർദ്ധരണം നടത്തിയ തഫ്സീർ. സൂറഃ അൽ മാഇദയിലെ വുദൂഇന്റെ വചനവും സൂറഃ അസ്സ്വാദിൽ ദാവൂദ് നബി(അ), സുലൈമാൻ നബി(അ) എന്നിവരെ കുറിച്ച് പറഞ്ഞ വചനവും ഇതിന് ഉദാഹരണമാണ്.

6. ഉത്കൃഷ്ട സ്വഭാവ ഗുണങ്ങളോടെയാണ് വളരേണ്ടത് എന്ന് ഉപദേശിക്കുന്ന തഫ്സീർ. സൂറഃ അൽ അഅ്റാഫും ലുഖ്മാനും ഇതിന് ഉദാഹരണങ്ങളാണ്.

ജീവിതത്തിലെ ഓരോ നിമിഷവും പാഴാക്കാതെ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കണം എന്ന പാഠമാണ് ശൈഖിന്റെ ചരിത്രം നമ്മുക്ക് നൽകുന്നത്. പിൽകാലക്കാർക്ക് വേണ്ടി വിജ്ഞാന മുത്തുകൾ വാരിവിതറി പഠനം, പഠിപ്പിക്കൽ, ഇമാം, ഖത്വീബ്, ഗ്രന്ഥകാരൻ, മുഫ്തി എന്നീ പദവികളിൽ 69 വർഷം നിലകൊണ്ട് ഹിജ്റ 1376 ജുമാദുൽ ആഖർ 23ന് അദ്ദേഹം വഫാത്തായി.

അശ്‌റഫ് എകരൂൽ
ashrafekarul@gmail.com



# അരുത്, അനുവാദമില്ലാതെ അകത്തു കടക്കരുത് !

ഇസ്‌ലാമിക ശരീഅത്തിൽ മുതിർന്നവർക്കെന്ന പോലെ കുട്ടികൾക്കും ബാധകമായ സാമൂഹ്യ അനിവാര്യതകളിൽ ഒന്നാണ് അനുവാദമെടുക്കുക എന്നത്. സ്വന്തം വീടകം തന്നെയാണ് അതിന്റെ പരിശീലന കളരിയായി ഇസ്‌ലാം തിരഞ്ഞെടുത്തത്. വീട്ടിലെ ഓരോ ഇടവും ഓരോ ക്ലാസ് മുറിയാണെന്നതാണ് വാസ്തവം. തീൻമേശയിലെ അധ്യയനം കഴിഞ്ഞു; ഉറക്കമുറിയാണ് അടുത്ത അധ്യയനസ്ഥലം.

അനുവാദം ചോദിക്കുന്നതിന്റെ പ്രാധാന്യം കുട്ടികൾക്കും മുതിർന്നവർക്കും ഒരു പോലെ ബോധ്യപ്പെടേണ്ട ഒന്നാണെന്നതിന്റെ തെളിവാണ്, അതിന്റെ പ്രാധാന്യം ക്വുർആനിലൂടെ അല്ലാഹു വ്യക്തമാക്കുന്നു എന്നത്. അതുകൊണ്ട് തന്നെ സ്വഹാബികളുടെ സന്താനങ്ങൾ അതിന്റെ മര്യാദകൾ നബിയിൽ നിന്ന് പഠിച്ചുവെക്കുകയും പ്രയോഗിക്കുകയും ചെയ്തിരുന്നു. സഹാബി പ്രമുഖനായ ഉമർؓവിന്നു പോലും നബിചര്യയുടെ ഈ പാഠഭാഗത്തിന് സാക്ഷി നൽകിയത് കുട്ടിയായ അബു സഈദ് അൽ ഖുദ്‌രിؓ ആയിരുന്നു.

ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഒരു സംഭവം നോക്കുക. ഉബൈദ് ബിൻ ഉമൈരിؓൽ നിന്ന് നിവേദനം: അബു മൂസ അൽ അശ്അരി ഉമർ ബ്ൻ ഖത്വാബിന്റെ വീട്ടിൽ എത്തി അനുവാദം ചോദിച്ചു. ഉമർؓ മറ്റെന്തോ ജോലിയിലായതിനാലോ മറ്റോ അത് കേട്ടില്ല. പ്രതികരണം കാണാത്തത് നിമിത്തം അബു മൂസ ؓ തിരിച്ചു പോയി. ജോലിയിൽ നിന്ന് വിരമിച്ചപ്പോൾ ഉമർؓ ചോദിച്ചു: "അബ്ദുല്ല ഇബ്നു ഖൈസിന്റെ ശബ്ദമല്ലായിരുന്നോ ഞാൻ കേട്ടത്? അദ്ദേഹത്തോട് വരാൻ പറയൂ." ആരോ പറഞ്ഞു: "അദ്ദേഹം തിരിച്ചു പോയി." ഉ

മർؓ അദ്ദേഹത്തെ വിളിച്ചു വരുത്തി കാരണം തിരക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: "നാം അപ്രകാരം (അനുവാദം കിട്ടിയില്ലെങ്കിൽ തിരിച്ചു പോകണമെന്ന്) കൽപിക്കപ്പെട്ടിരിക്കുന്നു. (നബി അങ്ങിനെ നമ്മെ പഠിപ്പിച്ചിരിക്കുന്നു). ഈ വിവരം നബിﷺയുടെ സദസ്സിൽ നിന്നോ നാവിൽ നിന്നോ ഉമർؓ അറിഞ്ഞിട്ടുണ്ടായിരുന്നില്ല.) അദ്ദേഹം അബൂ മൂസയോട് തെളിവ് ഹാജരാക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം അൻസാറുകളുടെ സദസ്സിൽ പോയി (ആരെങ്കിലും എനിക്ക് സാക്ഷി പറയുമോ എന്ന്) അവരോട് ചോദിച്ചു. അവർ പറഞ്ഞു: "ഞങ്ങളുടെ കൂട്ടത്തിലെ എറ്റം ചെറിയവനായ അബൂ സഈദ് അൽ ഖുദ്‌രി നിനക്കു സാക്ഷി പറയും." അങ്ങിനെ ഞാൻ അബൂ സഈദിനെയുമായി ഉമറിന്റെ അടുത്ത് ചെന്നു. (അനുവാദം കിട്ടിയില്ലെങ്കിൽ തിരിച്ചു പോകണമെന്ന് നബിﷺ പറഞ്ഞ വിവരം അദ്ദേഹം ഉണർത്തി) ഉമർؓ പറഞ്ഞു: "ഞാൻ കച്ചവടത്തിന് അങ്ങാടിയിൽ പോയതിനാൽ ആ സമയത്തുള്ള നബി കൽപന എനിക്ക് കിട്ടിയില്ല." (അദബ് അൽ മുഫ്‌റദ്)

രണ്ട് പാഠങ്ങളാണ് ഈ സംഭവത്തിൻ നിന്ന് നാം ഉൾക്കൊള്ളേണ്ടത്. അനുവാദം ചോദിക്കുന്നത് മതപരമായി നബിﷺ അവർക്ക്  പഠിപ്പിക്കുകയും അത് കുട്ടികൾ പോലും കേട്ട് ഓർമ വെക്കുകയും ആവശ്യം വന്ന സമയത്ത് അവ തെളിവിനായി ഉദ്ധരിക്കുകയും ചെയ്തു എന്നതാണ് ഇതിലെ ഒന്നാമത്തെ പാഠം. നബിﷺയുടെ ഈ സുന്നത് ഉമർؓ അറിയാതെ വന്നപ്പോൾ നബിചര്യക്ക് സാക്ഷിയായത് കുട്ടിയായ അബൂ സഈദ്ؓ ആണ് എന്നതാണ് മറ്റൊരു പാഠം.

അനുവാദം ചോദിക്കുന്നതിന്റെ മര്യാദകൾ വിശാസികളെ പൊതുവായി പഠിപ്പിക്കാൻ അല്ലാഹു ഒന്നിലധികം വചനങ്ങൾ ക്വുർആനിൽ അവതരിപ്പിച്ചിട്ടുണ്ട്. സൂറത്തുന്നൂറിൽ പ്രസ്തുത വിഷയം സൂചിപ്പിക്കുന്നിടത്ത് കുട്ടികൾക്കുള്ള നിയമം പ്രത്യേകം പ്രതിപാദിക്കുന്നത് ശ്രദ്ധേയമാണ്. ഇളംപ്രായത്തിൽ ശീലിച്ചു തുടങ്ങേണ്ടതും ജീവിതത്തിൽ നിലനിർത്തേണ്ടതുമായ പ്രധാന മര്യാദകളിലൊന്നാണ് ഇത് എന്നതിനാൽ തന്നെ അവ പഠിപ്പിക്കേണ്ടതും പരിശീലിപ്പിക്കപ്പെടേണ്ടതുമാണ്.

സ്വകാര്യതകളെ കുറിച്ച് ഒരു ബോധവും വരാത്ത ഇളംപ്രായത്തിൽ പോലും മൂന്ന് വ്യത്യസ്ത സമയങ്ങളിൽ മുതിർന്നവരുടെ റൂമുകളിലേക്ക് പ്രവേശിക്കും മുമ്പ് അനുവാദം വാങ്ങി മാത്രമേ പ്രവേശിക്കാവൂ എന്ന് അവർക്ക് പരിശീലനം നൽകണമെന്നാണ് ക്വുർആൻ സത്യ വിശ്വാസികളെ പഠിപ്പിക്കുന്നത്. അതാവട്ടെ, വിവസ്ത്രരാകാൻ സാധ്യത ഏറെയുള്ള മൂന്ന് സ്വകാര്യസമയങ്ങളിലാണ്. ഒന്ന് പ്രഭാതത്തിന് തൊട്ടു മുമ്പ്, മറ്റൊന്ന് ഉച്ചയൂണിന്ന് ശേഷമുള്ള വിശ്രമ നേരം. മൂന്നാമത്തേത് രാത്രി ഉറങ്ങാനായി വിരിപ്പിലേക്ക് മടങ്ങുന്ന സമയവുമാണത്. ഈ നേരങ്ങളിൽ ചാരിയിട്ട കതകുകളിൽ മുട്ടി സാന്നിധ്യമറിയിച്ചു കൊണ്ടല്ലാതെ കൊച്ചു മക്കളെ പോലും കയറാൻ അനുവദിക്കരുത്. അതായത് സൗന്ദര്യവും നഗ്നതയുമെല്ലാം അറിഞ്ഞു തുടങ്ങും വിധം വകതിരിവിന്റെ പ്രായത്തിലേക്കെത്തിയാൽ ഏതൊരാളെ പോലെയും കുട്ടികളും അനുവാദം ചോദിച്ചു കൊണ്ടേ അകത്തേക്ക് പ്രവേശിക്കാവൂ. അരുതാത്തത് കണ്ണിൽ പെട്ട് പോവാതിരിക്കാൻ എല്ലാം അറിയുന്ന അല്ലാഹു നിശ്ചയിച്ച സംവിധാനമാണത്. പെടുന്നനെ കയറി വരുന്ന മക്കളെ ഒന്ന് രണ്ടു വട്ടം മടക്കി അയച്ച് വാതിലിൽ മുട്ടി വരാൻ ശീലിപ്പിച്ചാൽ അടഞ്ഞു കിടക്കുന്ന ഏതൊരു വാതിലിന്റെ മുന്നിലും ഈ ശീലം അനുവർത്തിച്ചു കൊണ്ട് കടന്നുവരാൻ അവർക്കത് ശിക്ഷണമാവും. അല്ലാഹു പറയുന്നത് നോക്കുക.

"സത്യവിശ്വാസികളേ, നിങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയവരും(അടിമകൾ), നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടില്ലാത്തവരും മൂന്ന് സന്ദർഭങ്ങളിൽ നിങ്ങളോട് (പ്രവേശനത്തിന്) അനുവാദം തേടിക്കൊള്ളട്ടെ.



പ്രഭാതനമസ്കാരത്തിനു മുമ്പും, ഉച്ച സമയത്ത് (ഉറങ്ങുവാൻ) നിങ്ങളുടെ വസ്ത്രങ്ങൾ മാറ്റിവെക്കുന്ന സമയത്തും, ഇശാ നമസ്കാരത്തിന് ശേഷവും. നിങ്ങളുടെ മൂന്ന് സ്വകാര്യ സന്ദർഭങ്ങളത്രെ ഇത്. ഈ സന്ദർഭങ്ങൾക്ക് ശേഷം നിങ്ങൾക്കോ അവർക്കോ (കൂടിക്കലർന്ന് ജീവിക്കുന്നതിന്) യാതൊരു കുറ്റവുമില്ല. അവർ നിങ്ങളുടെ അടുത്ത് ചുറ്റി നടക്കുന്നവരത്രെ. നിങ്ങൾ അന്യോന്യം ഇടകലർന്ന് വർത്തിക്കുന്നു. അപ്രകാരം അല്ലാഹു നിങ്ങൾക്ക് തെളിവുകൾ വിവരിച്ചുതരുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു.

നിങ്ങളിൽ നിന്നുള്ള കുട്ടികൾ പ്രായപൂർത്തിയെത്തിയാൽ അവരും അവർക്ക് മുമ്പുള്ളവർ സമ്മതം ചോദിച്ചത് പോലെത്തന്നെ സമ്മതം ചോദിക്കേണ്ടതാണ്. അപ്രകാരം അല്ലാഹു നിങ്ങൾക്ക് അവന്റെ തെളിവുകൾ വിവരിച്ചുതരുന്നു. അല്ലാഹു സർവ്വജ്ഞനും യുക്തിമാനുമാകുന്നു."(24:58,59)

നോക്കൂ, എവിടെയെങ്കിലും ചെന്ന് വാതിൽ മുട്ടി അനുവാദം ചോദിക്കുകയാണെങ്കിൽ എങ്ങിനെ, എവിടെ നിൽക്കണമെന്ന് പോലും നബിﷺ നമുക്ക് പഠിപ്പിച്ചു തരുന്നുണ്ട്. അബ്ദുല്ല ഇബ്നു ബസർ ؓ വിൽ നിന്ന് നിവേദനം: നബിﷺ ഏതെങ്കിലും ഒരു വാതിലിന്റെ മുമ്പിൽ ചെന്ന് അനുവാദം ചോദിക്കാൻ ഉദ്ദേശിച്ചാൽ വാതിലിന് മുഖാമുഖം നിൽക്കില്ല, മറിച്ചു വലതു ഭാഗത്തോ ഇടതു ഭാഗത്തോ മാറി നിൽക്കും. അനുവാദം ലഭിച്ചാൽ പ്രവേശിക്കും. ഇല്ലങ്കിൽ മടങ്ങിപ്പോവും. (ബുഖാരി, അദബ് അൽ മുഫ്റദ്)

മറ്റുള്ളവരുടെ വീടുകളിലേക്കു പ്രവേശിക്കുമ്പോൾ അനുവാദം ചോദിക്കാനും അതിന്നു മുമ്പ് സലാം പറയാനും അല്ലാഹു നമ്മെ ഉപദേശിക്കുന്നുണ്ട്. കുട്ടികൾ അതോർത്തുവെക്കും വിധം നാം അത് പതിവാക്കേണ്ടതുണ്ട്. ഇതര വീടുകളിലേക്കുള്ള പ്രവേശനത്തിന്റെ ഇസ്‌ലാമിക മര്യാദയാണത്. അല്ലാഹു പറയുന്നു:

"ഹേ; സത്യവിശ്വാസികളേ, നിങ്ങളുടെതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്; നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. അതാണ് നിങ്ങൾക്ക് ഗുണകരം. നിങ്ങൾ ആലോചിച്ചു മനസ്സിലാക്കാൻ വേണ്ടിയത്രെ(ഇതു പറയുന്നത്).

ഇനി നിങ്ങൾ അവിടെ ആരെയും കണ്ടെത്തിയില്ലെങ്കിൽ നിങ്ങൾക്ക് സമ്മതം കിട്ടുന്നത് വരെ നിങ്ങൾ അവിടെ കടക്കരുത്. നിങ്ങൾ തിരിച്ചുപോകൂ! എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ തിരിച്ചുപോകണം. അതാണ് നിങ്ങൾക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അറിവുള്ളവനാകുന്നു." (24:27,28)

ഏതെങ്കിലും ഇടങ്ങളിലേക്കുള്ള പ്രവേശനത്തിന് മാത്രം ആവശ്യമുള്ളതല്ല അനുവാദം ചോദിക്കൽ എന്നത്. മറിച്ചു അനുവാദം ആവശ്യമുള്ളിടത്തെല്ലാം അത് ചോദിച്ചിരിക്കണമെന്ന നയമാണ് നാം മക്കളെ ബോധ്യപ്പെടുത്തേണ്ടത്. മറ്റുള്ളവരുടെ ഉടമസ്ഥതയിൽ ഉള്ളതോ അവർക്ക് അവകാശപ്പെട്ടതോ എടുക്കുകയോ കൈമാറ്റം ചെയ്യുകയോ ആണങ്കിൽ അനുവാദം ചോദിക്കുകയെന്ന മര്യാദ പാലിക്കേണ്ടതുണ്ട്. ഇത് കുട്ടികളുടെ കാര്യത്തിൽ മാത്രം പരിമിതപ്പെടുത്തേണ്ട ഒന്നല്ല. മറിച്ച് ഈ രംഗത്ത് നാമാണ് അവർക്ക് മാതൃകയാവേണ്ടത്. കുട്ടികൾക്ക് അവകാശപ്പെട്ട കാര്യങ്ങളിൽ നാം അവരോട് അനുവാദം ചോദിക്കണം. അപ്പോൾ മാത്രമേ ഈ രംഗത്ത് ആരും പുറത്തല്ല എന്ന ബോധം മക്കളിൽ ഉണ്ടാവുകയുള്ളൂ. നബിﷺയുടെ മാതൃക അതാണ്. നബിﷺ കുട്ടികളോട് അനുവാദം ചോദിക്കുന്ന രംഗം നമ്മെ ചിന്തിപ്പിക്കേണ്ടതുണ്ട്. കേവലം ചടങ്ങിന് ചോദിക്കുകയല്ല, അനുവാദം ലഭിക്കാതിരുന്നപ്പോൾ വൈമനസ്യമന്യെ ആ തിരസ്കാരം അംഗീകരിക്കാനുള്ള വിനയവും മാനവികതയുടെ മാർഗദർശി പ്രകടിപ്പിച്ചുവെന്നത് എത്ര വലിയ പാഠമാണ് സമൂഹത്തിനു നൽകുന്നത്.

ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഹദീഥിൽ നമുക്ക് കാണാം: "സഹൽ ബ്നു സഅ്ദ് നിവേദനം ചെയ്യുന്നു. നബിﷺക്ക് ഒരു പാനീയം കൊണ്ടുവരപ്പെട്ടു. നബി അതിൽ നിന്ന് കുടിച്ചു, (ബാക്കി സദസ്സിലുള്ളവർക്ക് നൽകാൻ ആഗ്രഹിച്ചു കൊണ്ട് ചുറ്റിലേക്ക് നോക്കിയപ്പോൾ) വലതു ഭാഗത്ത് ഒരു കുട്ടിയെയും ഇടത് ഭാഗത്ത് ഉന്നതരായ സഹാബികളെയുമാണ് കാണുന്നത്. വലതു ഭാഗം കൊണ്ട് തുടങ്ങുകയെന്ന സുന്നത്ത് പാലിക്കേണ്ടതുള്ളതിനാൽ കുട്ടിക്കാണ് ആദ്യം കൊടുക്കേണ്ടത്. അത് അവന്റെ അവകാശമാണെന്ന് മനസ്സിലാക്കിയ പ്രവാചകൻ അവനോടു ചോദിച്ചു: "അവർക്ക്(മുതിർന്നവർക്ക്) കൊടുക്കാൻ (അവരുടെ ഭാഗത്തു നിന്ന് തുടങ്ങട്ടെ) എന്നെ അനുവദിക്കുമോ? കുട്ടി പറഞ്ഞു: "ഇല്ല; അല്ലാഹുവാണ സത്യം അല്ലാഹുവിന്റെ ദൂതരെ! തങ്ങളിൽ നിന്ന് എനിക്കുള്ള (നബിﷺയുടെ ചുണ്ടു തട്ടിയ ഭാഗത്തിൽ നിന്ന്) ഓഹരി ഞാൻ മറ്റാർക്കും വിട്ടു കൊടുക്കില്ല." അപ്പോൾ നബി പാനീയം അവന്റെ കയ്യിൽ വെച്ച് കൊടുത്തു." **(തുടരും)**






സ്ത്രീ ഇസ്‌ലാമിന്റെ തണലിൽ: 4

ഡോ. അബ്ദുർറസ്സാക് അൽബദർ
വിവ. അബ്ദുൽ ജബ്ബാർ അബ്ദുല്ല

# സ്ത്രീകളും മനുഷ്യരാണ്

ദാസന്മാർക്ക് സന്മാർഗവും കാരുണ്യവും വെളിച്ചവും പ്രകാശവും ഉൽബോധനവുമായി അല്ലാഹു അവതരിപ്പിച്ച വിശുദ്ധ ക്വുർആനിനെ നിരീക്ഷണ വിധേയമാക്കുന്നവർക്ക് സ്ത്രീയുടെ വിഷയത്തിൽ മുഖ്യ പരിഗണനയും അവളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് അങ്ങേയറ്റത്തെ പ്രോത്സാഹനവും അവൾ ക്കു നേരെയുള്ള അന്യായത്തിനെതിരിലും അതിക്രമത്തിനെതിരിലും ശക്തമായ താക്കീതും അതിൽ കണ്ടെത്താനാവും. ഇത്തരം വിഷയങ്ങളെ സ്ഥിരീകരിക്കുന്ന ധാരാളം സൂക്തങ്ങൾ വിശുദ്ധ ക്വുർആനിലുണ്ട്. എന്നു മാത്രമല്ല വിശുദ്ധ ക്വുർആനിൽ അന്നിസാഅ് (സ്ത്രീകൾ) എന്ന ഒരു അധ്യായം തന്നെയുണ്ട്! സ്ത്രീകളുമായി ബന്ധപ്പെട്ടതും അവർക്കുള്ള മഹത്തായ അവകാശങ്ങളെ വിവരിക്കുന്നതുമായ ധാരാളം വചനങ്ങൾ സൂറതുന്നിസാഇലുണ്ട്. സ്ത്രീകളോടുള്ള പെരുമാറ്റ വിഷയത്തിൽ ശ്രദ്ധിക്കേണ്ട, ക്വുർആനിലെ ഏതാനും നിദർശനങ്ങൾ താഴെ കൊടുക്കുന്നു:

1. മഹത്തായ നിയമങ്ങൾക്കും നേരായ മാനദണ്ഡങ്ങൾക്കുമനുസരിച്ച് നന്മയുടെയും മാന്യതയുടെയും അതിരുകളിലൊതുങ്ങി സ്ത്രീകളോട് പെരുമാറുവാനുള്ള കൽപനകൾ. സ്ത്രീയോട് അന്യായം കാണിക്കുന്നവർക്കും അവളോട് പെരുമാറുന്ന വിഷയത്തിൽ അല്ലാഹു നിശ്ചയിച്ച അതിർവരമ്പുകളെ മറികടക്കുന്നവർക്കും താക്കീത്. അല്ലാഹു പറഞ്ഞു:

“(മടക്കിയെടുക്കാൻ അനുമതിയുള്ള) വിവാഹമോചനം രണ്ടു പ്രാവശ്യം മാത്രമാകുന്നു. പിന്നെ ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിർത്തുകയോ, അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്. നിങ്ങൾ അവർക്ക് (ഭാര്യമാർക്ക്) നൽകിയിട്ടുള്ളതിൽനിന്ന് യാതൊന്നും തിരിച്ചുവാങ്ങാൻ നിങ്ങൾക്ക് അനുവാദമില്ല. അവർ ഇരുവർക്കും അല്ലാഹുവിന്റെ നിയമ പരിധികൾ പാലിച്ചുപോരാൻ കഴിയില്ലെന്ന് ആശങ്ക തോന്നുന്നുവെങ്കിലല്ലാതെ. അങ്ങനെ അവർക്ക് (ദമ്പതിമാർക്ക്) അല്ലാഹുവിന്റെ നിയമ പരിധികൾ പാലിക്കുവാൻ കഴിയില്ലെന്ന് നിങ്ങൾക്ക് ഉൽക്കണ്ഠ തോന്നുകയാണെങ്കിൽ അവൾ വല്ലതും വിട്ടുകൊടുത്തുകൊണ്ട് സ്വയം മോചനം നേടുന്നതിൽ അവർ ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമ പരിധികളത്രെ അവ. അതിനാൽ അവയെ നിങ്ങൾ ലംഘിക്കരുത്. അല്ലാഹുവിന്റെ നിയമ പരിധികൾ ആർ ലംഘിക്കുന്നുവോ അവർ തന്നെയാകുന്നു അക്രമികൾ” (ക്വുർആൻ 33:59).

“ഇനിയും (മൂന്നാമതും) അവൻ അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അതിന് ശേഷം അവളുമായി ബന്ധപ്പെടൽ അവന് അനുവദനീയമാവില്ല; അവൾ മറ്റൊരു ഭർത്താവിനെ സ്വീകരിക്കുന്നത് വരേക്കും. എന്നിട്ട് അവൻ (പുതിയ ഭർത്താവ്) അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ (പഴയ ദാമ്പത്യത്തിലേക്ക്) തിരിച്ചുപോകുന്നതിൽ അവരിരുവർക്കും കുറ്റമില്ല; അല്ലാഹുവിന്റെ നിയമ പരിധികൾ പാലിക്കാമെന്ന് അവരിരുവരും വിചാരിക്കുന്നുണ്ടെങ്കിൽ. അല്ലാഹുവിന്റെ നിയമപരിധികളത്രെ അവ. മനസ്സിലാക്കുന്ന ആളുകൾക്ക് വേണ്ടി അല്ലാഹു അത് വിവരിച്ചുതരുന്നു.” (ക്വുർആൻ 2:230).

“നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്തിട്ട് അവരുടെ അവധി പ്രാപിച്ചാൽ ഒന്നുകിൽ നിങ്ങളവരെ മര്യാദയനുസരിച്ച് കൂടെ നിർത്തുകയോ, അല്ലെങ്കിൽ മര്യാദയനുസരിച്ച് തന്നെ പിരിച്ചയക്കുകയോ ആണ് വേണ്ടത്. ദ്രോഹിക്കുവാൻ വേണ്ടി അന്യായമായി നിങ്ങളവരെ പിടിച്ചുനിർത്തരുത്. അപ്രകാരം വല്ലവനും പ്രവർത്തിക്കുന്ന പക്ഷം അവൻ തനിക്ക് തന്നെയാണ് ദ്രോഹം വരുത്തിവെക്കുന്നത്. അല്ലാഹുവിന്റെ തെളിവുകളെ നിങ്ങൾ തമാശയാക്കിക്കളയരുത്. അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം നിങ്ങൾ ഓർക്കുക. നിങ്ങൾക്ക് സാരോപദേശം നൽകിക്കൊണ്ട് അവനവതരിപ്പിച്ച വേദവും വിജ്ഞാനവും ഓർമിക്കുക. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. അല്ലാഹു എല്ലാ കാര്യവും അറിയുന്നവനാണെന്ന് മനസ്സിലാക്കുകയും ചെയ്യുക” (ക്വുർആൻ 2:231).

“നിങ്ങൾ സ്ത്രീകളെ വിവാഹമോചനം ചെയ്തിട്ട് അവരുടെ അവധി പ്രാപിച്ചാൽ അവർ തങ്ങളുടെ ഭർത്താക്കന്മാരുമായി വിവാഹത്തിൽ ഏർപെടുന്നതിന് നിങ്ങൾ തടസ്സമുണ്ടാക്കരുത്; മര്യാദയനുസരിച്ച് അവർ അന്യോന്യം തൃപ്തിപ്പെട്ടിട്ടുണ്ടെങ്കിൽ. നിങ്ങളിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്കുള്ള ഉപദേശമാണത്. അതാണ് നിങ്ങൾക്ക് ഏറ്റവും ഗുണകരവും സംശുദ്ധവുമായിട്ടുള്ളത്. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല” (ക്വുർആൻ 2: 232).

2. സ്ത്രീയെ ഭാര്യയായി വെക്കുമ്പോഴും അല്ലെങ്കിൽ അവളെ വിവാഹമോചനം നടത്തി അയക്കുമ്പോഴും അവൾക്കുള്ള ജീവിതച്ചെലവുമായി ബന്ധപ്പെട്ട സൂക്ഷ്മമായ നിയങ്ങൾ നിശ്ചയിച്ചു. ഏത് അവസ്ഥകളിലും അവളോടുള്ള പെരുമാറ്റം നന്നാക്കുന്നതിന് പ്രാധാന്യം കൽപിക്കണമെന്ന നിർദേശത്തോടൊപ്പമാണിത്.

“നിങ്ങൾ ഭാര്യമാരെ സ്പർശിക്കുകയോ, അവരുടെ വിവാഹമൂല്യം നിശ്ചയിക്കുകയോ ചെയ്യുന്നതിനു മുമ്പായി നിങ്ങളവരുമായുള്ള ബന്ധം വേർപെടുത്തിയാൽ (മഹ്ർ നൽകാത്തതിന്റെ പേരിൽ) നിങ്ങൾക്ക് കുറ്റമില്ല. എന്നാൽ അവർക്ക് നിങ്ങൾ മര്യാദയനുസരിച്ച് ജീവിതവിഭവമായി എന്തെങ്കിലും നൽകേണ്ടതാണ്. കഴിവുള്ളവൻ തന്റെ കഴിവനുസരിച്ചും, ഞെരുക്കമുള്ളവൻ തന്റെ സ്ഥിതിക്കനുസരിച്ചും. സദ്വൃത്തരായ ആളുകൾക്ക് ഇതൊരു ബാധ്യതയത്രെ. ഇനി നിങ്ങൾ അവരെ സ്പർശിക്കുന്നതിനു മുമ്പ് തന്നെ വിവാഹബന്ധം വേർപെടുത്തുകയും, അവരുടെ വിവാഹമൂല്യം നിങ്ങൾ നിശ്ചയിച്ച് കഴിഞ്ഞിരിക്കുകയും ആണെങ്കിൽ നിങ്ങൾ നിശ്ചയിച്ചതിന്റെ പകുതി (നിങ്ങൾ നൽകേണ്ടതാണ്). അവർ (ഭാര്യമാർ) വിട്ടുവീഴ്ച ചെയ്യുന്നുവെങ്കിലല്ലാതെ. അല്ലെങ്കിൽ വിവാഹക്കരാർ കൈവശം വെച്ചിരിക്കുന്നവൻ (ഭർത്താവ്) (മഹ്ർ പൂർണമായി നൽകിക്കൊണ്ട്) വിട്ടുവീഴ്ച ചെയ്യുന്നുവെങ്കിലല്ലാതെ. എന്നാൽ (ഭർത്താക്കൻമാരേ,) നിങ്ങൾ വിട്ടുവീഴ്ച ചെയ്യുന്നതാണ് ധർമനിഷ്ഠയ്ക്ക് കൂടുതൽ യോജിച്ചത്. നിങ്ങൾ അന്യോന്യം ഔദാര്യം കാണിക്കാൻ മറക്കരുത്. തീർച്ചയായും നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാകുന്നു” (ക്വുർആൻ 2:236,237).



3. ഭർത്താവ് തീരുമാനിച്ച മഹ്ർ ഭാര്യക്കു നൽകണമെന്നത് നിർബന്ധമാക്കി. എന്നാൽ അതിൽ നിന്ന് അവൾ വല്ലതും അവന്ന് വിട്ടുവീഴ്ച ചെയ്യുകയാണെങ്കിൽ അത് അവന്ന് അനുവദീയമാകുന്നതാണ്. അല്ലാഹു പറഞ്ഞു:

“സ്ത്രീകൾക്ക് അവരുടെ വിവാഹമൂല്യങ്ങൾ മനഃസംതൃപ്തിയോട് കൂടി നിങ്ങൾ നൽകുക. ഇനി അതിൽ നിന്ന് വല്ലതും സന്മനസ്സോടെ അവർ വിട്ടുതരുന്ന പക്ഷം നിങ്ങളത് സന്തോഷ പൂർവം സുഖമായി ഭക്ഷിച്ചു കൊള്ളുക” (ക്വുർആൻ 4:4).

4. മാതാപിതാക്കളും മറ്റു അടുത്ത ബന്ധുക്കളും വിട്ടേച്ച സ്വത്തിൽ ബന്ധത്തിനനുസരിച്ചും അർഹിക്കുന്ന പരിധിക്കുള്ളിലും അനന്തരസ്വത്തിൽ സ്ത്രീകൾക്ക് സ്വത്തോഹരി നിശ്ചയിച്ചു. അല്ലാഹു പറഞ്ഞു:

“മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ സമ്പത്തിൽ പുരുഷന്മാർക്ക് ഓഹരിയുണ്ട്. മാതാപിതാക്കളും അടുത്ത ബന്ധുക്കളും വിട്ടേച്ചുപോയ ധനത്തിൽ സ്ത്രീകൾക്കും ഓഹരിയുണ്ട്. (ആ ധനം) കുറച്ചാകട്ടെ, കൂടുതലാകട്ടെ. അത് നിർണയിക്കപ്പെട്ട ഓഹരിയാകുന്നു” (ക്വുർആൻ 4:7).

5. സ്ത്രീയെ മുടക്കിയിടുക, അവൾക്ക് ഇടുക്ക

മുണ്ടാക്കുക, അവളുടെ മഹ്ർ തിരിച്ചുവാങ്ങുക എന്നിവയെ തൊട്ട് മുന്നറിയിപ്പു നൽകി. അല്ലാഹു പറഞ്ഞു:

"സത്യവിശ്വാസികളേ, സ്ത്രീകളെ ബലാൽക്കാരമായിട്ട് അനന്തരാവകാശ സ്വത്തായി എടുക്കൽ നിങ്ങൾക്ക് അനുവദനീയമല്ല. അവർക്ക് (ഭാര്യമാർക്ക്) നിങ്ങൾ കൊടുത്തിട്ടുള്ളതിൽ ഒരു ഭാഗം തട്ടിയെടുക്കുവാൻ വേണ്ടി നിങ്ങളവരെ മുടക്കിയിടുകയും ചെയ്യരുത്. അവർ പ്രത്യക്ഷമായ വല്ല നീചവൃത്തിയും ചെയ്തെങ്കിലല്ലാതെ. അവരോട് നിങ്ങൾ മര്യാദയോടെ സഹവർത്തിക്കേണ്ടതുമുണ്ട്. ഇനി നിങ്ങൾക്കവരോട് വെറുപ്പ് തോന്നുന്ന പക്ഷം (നിങ്ങൾ മനസ്സിലാക്കുക) നിങ്ങളൊരു കാര്യം വെറുക്കുകയും അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മ നിശ്ചയിക്കുകയും ചെയ്തെന്ന് വരാം. നിങ്ങൾ ഒരു ഭാര്യയുടെ സ്ഥാനത്ത് മറ്റൊരു ഭാര്യയെ പകരം സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പക്ഷം അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം തന്നെ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽ നിന്ന് യാതൊന്നും തന്നെ നിങ്ങൾ തിരിച്ചുവാങ്ങരുത്. കള്ള ആരോപണം ചുമത്തിക്കൊണ്ടും പ്രത്യക്ഷമായ അധർമം ചെയ്തുകൊണ്ടും നിങ്ങളത് മേടിക്കുകയോ? നിങ്ങൾ അന്യോന്യം കൂടിച്ചേരുകയും അവർ നിങ്ങളിൽ നിന്ന് കനത്ത ഒരു കരാർ വാങ്ങുകയും ചെയ്തു കഴിഞ്ഞിരിക്കെ നിങ്ങൾ അതെങ്ങനെ മേടിക്കും?" (ക്വുർആൻ 4:19-21).

6. ഭാര്യാഭർത്താക്കന്മാരിൽ ഓരോരുത്തർക്കുമുള്ള സവിശേഷതകളും യോഗ്യതകളും വ്യക്തമാക്കി. രണ്ടിലൊരാൾ അപരനുള്ള യോഗ്യതയിലേക്ക് കണ്ണ് നടുന്നതിനെ തൊട്ട് മുന്നറിയിപ്പു നൽകി. അല്ലാഹു പറഞ്ഞു:

"നിങ്ങളിൽ ചിലർക്ക് ചിലരെക്കാൾ കൂടുതലായി അല്ലാഹു നൽകിയ അനുഗ്രഹങ്ങളോട് നിങ്ങൾക്ക് മോഹം തോന്നരുത്. പുരുഷന്മാർ സമ്പാദിച്ചുണ്ടാക്കിയതിന്റെ ഓഹരി അവർക്കുണ്ട്. സ്ത്രീകൾ സമ്പാദിച്ചുണ്ടാക്കിയതിന്റെ ഓഹരി അവർക്കുമുണ്ട്. അല്ലാഹുവോട് അവന്റെ ഔദാര്യത്തിൽ നിന്ന് നിങ്ങൾ ആവശ്യപ്പെട്ടുകൊള്ളുക. തീർച്ചയായും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (ക്വുർആൻ 4:32).

7. അല്ലാഹുവിനു വഴിപ്പെടുന്നതിലും പുണ്യം പ്രവൃത്തിക്കുന്നതിലും പുരുഷന്റെ തുല്യയായി സ്ത്രീയെയും നിശ്ചയിച്ചു. പുരുഷനോടു കൽപിച്ച ആരാധനകൾ അവളോടും കൽപിച്ചു. രണ്ടിൽ ഓരോരുത്തർക്കും അന്ത്യനാളിൽ തന്റെ ആത്മാർഥയുടെയും അധ്വാനത്തിന്റേയും ആരാധനയുടെയും തോതനുസരിച്ച് പ്രതിഫലമുണ്ടായിരിക്കും. അല്ലാഹു പറഞ്ഞു:

"(അല്ലാഹുവിന്) കീഴ്പെടുന്നവരായ പുരുഷന്മാർ, സ്ത്രീകൾ, വിശ്വാസികളായ പുരുഷന്മാർ, സ്ത്രീകൾ, ഭക്തിയുള്ളവരായ പുരുഷന്മാർ, സ്ത്രീകൾ, സത്യസന്ധരായ പുരുഷന്മാർ, സ്ത്രീകൾ, ക്ഷമാശീലരായ പുരുഷന്മാർ, സ്ത്രീകൾ വിനീതരായ പുരുഷന്മാർ, സ്ത്രീകൾ, ദാനം ചെയ്യുന്നവരായ പുരുഷന്മാർ, സ്ത്രീകൾ, വ്രതമനുഷ്ഠിക്കുന്നവരായ പുരുഷന്മാർ, സ്ത്രീകൾ, തങ്ങളുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുന്നവരായ പുരുഷന്മാർ, സ്ത്രീകൾ, ധാരാളമായി അല്ലാഹുവെ ഓർമിക്കുന്നവരായ പുരുഷന്മാർ, സ്ത്രീകൾ-ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു" (ക്വുർആൻ. 4:32).

8. ഭാര്യാഭർത്താക്കന്മാർക്കിടയിൽ തെറ്റും പിണക്കവും അതുപോലുള്ള അഭിപ്രായ ഭിന്നതയുമുടലെടുക്കുമ്പോൾ അത് ചികിത്സിക്കുവാനുള്ള കൃത്യമായ അടിസ്ഥാനങ്ങൾ നിശ്ചയിച്ചു. അല്ലാഹു പറഞ്ഞു:

"ഒരു സ്ത്രീ തന്റെ ഭർത്താവിൽ നിന്ന് പിണക്കമോ അവഗണനയോ ഭയപ്പെടുന്നുവെങ്കിൽ അവർ പരസ്പരം വല്ല ഒത്തുതീർപ്പും ഉണ്ടാക്കുന്നതിൽ അവർക്ക് കുറ്റമില്ല. ഒത്തുതീർപ്പിൽ എത്തുന്നതാണ് കൂടുതൽ നല്ലത്. പിശുക്ക് മനസ്സുകളിൽ നിന്ന് വിട്ടുമാറാത്തതാകുന്നു. നിങ്ങൾ നല്ലനിലയിൽ വർത്തിക്കുകയും സൂക്ഷ്മത പാലിക്കുകയുമാണെങ്കിൽ തീർച്ചയായും അല്ലാഹു നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നതെല്ലാം സൂക്ഷ്മമായി അറിയുന്നവനാകുന്നു. നിങ്ങൾ എത്രതന്നെ ആഗ്രഹിച്ചാലും ഭാര്യമാർക്കിടയിൽ തുല്യനീതി പാലിക്കാൻ നിങ്ങൾക്കൊരിക്കലും സാധിക്കുകയില്ല. അതിനാൽ നിങ്ങൾ (ഒരാളിലേക്ക്) പൂർണമായി തിരിഞ്ഞുകൊണ്ട് മറ്റവളെ കെട്ടിയിട്ടവളെപ്പോലെ വിട്ടേക്കരുത്. നിങ്ങൾ (പെരുമാറ്റം) നന്നാക്കിത്തീർക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 4:128,129).

9. പെൺമക്കളോടുള്ള ബഹുദൈവവിശ്വാസികളുടെ വെറുപ്പിൽ അവരെ അധിക്ഷേപിക്കുകയും അങ്ങേയറ്റം ആക്ഷേപിക്കുകയും ചെയ്തു. അല്ലാഹു പറഞ്ഞു:

"അവരിൽ ഒരാൾക്ക് ഒരു പെൺകുഞ്ഞുണ്ടായ സന്തോഷവാർത്ത നൽകപ്പെട്ടാൽ കോപാകുലനായിട്ട് അവന്റെ മുഖം കറുത്തിരുണ്ട് പോകുന്നു. അവന്ന് സന്തോഷവാർത്ത നൽകപ്പെട്ട ആ കാര്യത്തിലുള്ള അപമാനത്താൽ ആളുകളിൽ നിന്ന് അവൻ ഒളിച്ച് കളയുന്നു. അപമാനത്തോടെ അതിനെ വെച്ചുകൊണ്ടിരിക്കണമോ, അതല്ല, അതിനെ മണ്ണിൽ കുഴിച്ച് മൂടണമോ (എന്നതായിരിക്കും അവന്റെ ചിന്ത). ശ്രദ്ധിക്കുക: അവർ എടുക്കുന്ന തീരുമാനം എത്ര മോശം!" (ക്വുർആൻ 16:58,59).

10. വിശ്വാസിനികളും പതിവ്രതകളുമായ സ്ത്രീകളെ, തങ്ങൾ അപരാധികളായ വിഷയത്തിൽ അപവാദപ്രചരണം നടത്തുന്നവർക്ക് അതിഭീഷണമാം വിധം താക്കീതു നൽകി. അല്ലാഹു പറഞ്ഞു:

"ചാരിത്രവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും, എന്നിട്ട് നാലു സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ എൺപത് അടി അടിക്കുക. അവരുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാകുന്നു അധർമകാരികൾ" (ക്വുർആൻ 24:4).

"പതിവ്രതകളും (ദുർവൃത്തിയെപ്പറ്റി) ഓർക്കുക പോലും ചെയ്യാത്തവരുമായ സത്യവിശ്വാസിനികളെപ്പറ്റി ദുരാരോപണം നടത്തുന്നവരാരോ അവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു; തീർച്ച. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ട്" (ക്വുർആൻ 24:23).

11. സമാധാനവും സ്നേഹവും കാരുണ്യവും സഫലീകരിക്കുന്ന, അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തങ്ങളിൽ പെട്ടതാണ് വിവാഹമെന്ന് വ്യക്തമാക്കി. അല്ലാഹു പറഞ്ഞു:

"നിങ്ങൾക്ക് സമാധാനപൂർവം ഒത്തുചേരേണ്ടതിനായി നിങ്ങളിൽ നിന്ന് തന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിക്കുകയും, നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും ഉണ്ടാക്കുകയും ചെയ്തതും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. തീർച്ചയായും അതിൽ ചിന്തിക്കുന്ന ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 30:21).

12. ത്വലാക്വ് (വിവാഹ മോചനം), ഇദ്ദഃ(ദീക്ഷാ കാലം), ശുഹൂദ് (സാക്ഷികൾ), വേർപാടിന്റെ വേളയിലെ ജീവിതച്ചെലവ് തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമങ്ങൾ നിശ്ചയിച്ചു. അല്ലാഹു പറഞ്ഞു:

"നബിയേ, നിങ്ങൾ (വിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരെ നിങ്ങൾ അവരുടെ ഇദ്ദഃ കാലത്തിന് (കണക്കാക്കി) വിവാഹമോചനം ചെയ്യുകയും ഇദ്ദഃ കാലം നിങ്ങൾ എണ്ണിക്കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. അവരുടെ വീടുകളിൽ നിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്. അവർ പുറത്തു പോകുകയും ചെയ്യരുത്. പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ. അവ അല്ലാഹുവിന്റെ നിയമപരിധികളാകാകുന്നു. അല്ലാഹുവിന്റെ നിയമപരിധികളെ വല്ലവനും അതിലംഘിക്കുന്ന പക്ഷം, അവൻ അവനോട് തന്നെ അന്യായം ചെയ്തിരിക്കുന്നു. അതിന് ശേഷം അല്ലാഹു പുതുതായി വല്ലകാര്യവും കൊണ്ടുവന്നേക്കുമോ എന്ന് നിനക്ക് അറിയില്ല. അങ്ങനെ അവർ (വിവാഹമുക്തകൾ) അവരുടെ അവധിയിൽ എത്തുമ്പോൾ നിങ്ങൾ ന്യായമായ നിലയിൽ അവരെ പിടിച്ച് നിർത്തുകയോ, ന്യായമായ നിലയിൽ അവരുമായി വേർപിരിയുകയോ ചെയ്യുക. നിങ്ങളിൽ നിന്നുള്ള രണ്ടു നീതിമാന്മാരെ നിങ്ങൾ സാക്ഷി നിർത്തുകയും അല്ലാഹുവിന് വേണ്ടി സാക്ഷ്യം നേരാംവണ്ണം നിലനിർത്തുകയും ചെയ്യുക. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിച്ചു കൊണ്ടിരിക്കുന്നവർക്ക് ഉപദേശം നൽകപ്പെടുന്നതത്രെ അത്. അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോംവഴി ഉണ്ടാക്കിക്കൊടുക്കുകയും അവൻ കണക്കാക്കാത്തവിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്..." (ക്വുർആൻ 65:1-3).

"നിങ്ങളുടെ കഴിവിൽ പെട്ട, നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് നിങ്ങൾ അവരെ താമസിപ്പിക്കണം. അവർക്കു ഞെരുക്കമുണ്ടാക്കാൻ വേണ്ടി നിങ്ങൾ അവരെ ദ്രോഹിക്കരുത്. അവർ ഗർഭിണികളാണെങ്കിൽ അവർ പ്രസവിക്കുന്നത് വരെ നിങ്ങൾ അവർക്കു ചെലവു കൊടുക്കുകയും ചെയ്യുക. ഇനി അവർ നിങ്ങൾക്കു വേണ്ടി (കുഞ്ഞിന്) മുലകൊടുക്കുന്നപക്ഷം അവർക്കു നിങ്ങൾ അവരുടെ പ്രതിഫലം കൊടുക്കുക. നിങ്ങൾ തമ്മിൽ മര്യാദപ്രകാരം കൂടിയാലോചിക്കുകയും ചെയ്യുക. ഇനി നിങ്ങൾ ഇരു വിഭാഗത്തിനും ഞെരുക്കമാവുകയാണെങ്കിൽ അയാൾക്കു വേണ്ടി മറ്റൊരു സ്ത്രീ മുലകൊടുത്തു കൊള്ളട്ടെ" (ക്വുർആൻ 65:6).

13. ബഹുഭാര്യത്വം നിരുപാധികമായിരുന്നതിനു ശേഷം ഒന്നിലധികം വിവാഹം ഉദ്ദേശിക്കുന്നവർക്ക് ഇസ്‌ലാം നാലു ഭാര്യമാരായി എണ്ണം പരിമിതപ്പെടുത്തി. അല്ലാഹു പറഞ്ഞു:

"സ്ത്രീകളിൽ നിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ, മൂന്നോ, നാലോ പേരെ വിവാഹം ചെയ്തു കൊള്ളുക. എന്നാൽ (അവർക്കിടയിൽ) നീതിപുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം (വിവാഹം കഴിക്കുക.)" (ക്വുർആൻ 4:3).

സ്ത്രീകളുമായും അവരോട് നന്മയിൽ വർത്തക്കുന്നതുമായും ബന്ധപ്പെട്ട വിശുദ്ധ ക്വുർആനിന്റെ നിർദേശങ്ങളുടെയും അവരോടുള്ള പെരുമാറ്റത്തിൽ സ്വീകരിക്കൽ അനിവാര്യമായ നിയമങ്ങളുടെയും ഏതാനും ഉദാഹരണങ്ങളാണിവ. യുക്തിപൂർണമായ മാനദണ്ഡങ്ങളും അവക്രമായ നിർദേശങ്ങളുമത്രെ ഇവ. ഇവ മുറുകെ പിടിക്കുകയും കണിശമായി പാലിക്കുകയും ചെയ്യാതെ ജനങ്ങളുടെ അവസ്ഥകൾ വ്യവസ്ഥാപിതമാവുകയോ അവരുടെ കാര്യങ്ങൾ ചൊവ്വാകുകയോ ഇല്ല. സൃഷ്ടികളെ കുറിച്ച് സൂക്ഷ്മമായി അറിയുന്നവനും മതത്തിൽ യുക്തിജ്ഞനുമായ ലോകരുടെ രക്ഷിതാവിന്റെ അവതീർണതയത്രെ അത്. ●

# മതേതരത്വത്തിന്റെ സംരക്ഷണത്തിന് കൂട്ടായ്മയാണ് വേണ്ടത്
# വിസ്ഡം പ്രചാരണത്തിന് ഉജ്വല തുടക്കം

തിരുവനന്തപുരം: നമ്മുടെ രാജ്യം പൈതൃകമായി നിലനിർത്തിപ്പോരുന്ന മതേതരത്വവും മതനിരപേക്ഷ നിലപാടും തകർക്കാനുള്ള ദുഷ്ട ശക്തികളുടെ ശ്രമങ്ങളെ ചെറുക്കാൻ മതേതര ശക്തികളുടെ കൂട്ടായ്മ അനിവാര്യമാണെന്ന് വിസ്ഡം ബഹുജന സംഗമം വ്യക്തമാക്കി.

'ഒരേ ഒരിന്ത്യ ഒരൊറ്റ ജനത' എന്ന പ്രമേയത്തെ അധികരിച്ച് വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരം ഗാന്ധിപാർക്കിൽ നടന്നു.

ഫാഷിസം അതിന്റെ അജണ്ടകൾ ബോധപൂർവം നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ രാജ്യസ്നേഹികൾ ഒറ്റക്കെട്ടായി അതിനെ ചെറുക്കേണ്ടുന്ന അനിവാര്യഘട്ടമാണിത്. ഇതിനായി മതനിരപേക്ഷ മൂല്യങ്ങളുടെ പഠനവും പ്രചാരണവും ക്രിയാത്മകമായി നടക്കേണ്ടതുണ്ട്. ഇന്ത്യ ഇന്ത്യക്കാരുടേതാണെന്ന് ഉറക്കെ പ്രഖ്യാപിക്കാനും വർഗീയ ധ്രുവീകരണ ശ്രമങ്ങളിലൂടെ ഭിന്നിപ്പിച്ച് നശിപ്പിക്കാൻ ആരെയും അനുവദിക്കുകയില്ലെന്ന് രാജ്യദ്രോഹികൾക്ക് താക്കീത് നൽകാനും ഐക്യനിര രൂപപ്പെടണം.

സംസ്ഥാന തല ഉദ്ഘാടന പരിപാടിയിൽ വിസ്ഡം ജന: കൺവീനർ ടി.കെ. അഷ്റഫ് വിഷയാവതരണം നടത്തി. അഡ്വ. ടി ശരത്ചന്ദ്രപ്രസാദ്, ഫാദർ ഡി. ഷാജ്കുമാർ, മുജാഹിദ് ബാലുശ്ശേരി, വിസ്ഡം സംസ്ഥാന നിർവാഹക സമിതിയംഗം ഷൗക്കത്തലി സ്വലാഹി, നസീർ തിരുവനന്തപുരം തുടങ്ങിയവർ പ്രസംഗിച്ചു.

ചലനങ്ങൾ

## ആത്മീയ കേന്ദ്രങ്ങളുടെ പുതിയ ചൂഷണരീതികകളെ കരുതിയിരിക്കുക: വിസ്ഡം സന്ദേശ പ്രചാരണം

കോഴിക്കോട്: സമൂഹത്തിന്റെ മതപരമായ അജ്ഞത ചൂഷണം ചെയ്ത് അവരുടെ പണവും മാനവും കവരുകയാണ് പൗരോഹിത്യം ചെയ്യുന്നത്. ഇതിനെതിരെ സമൂഹ മനഃസാക്ഷി ഉണരണമെന്ന് വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ കോഴിക്കോട് സംഘടിപ്പിച്ച സന്ദേശം പ്രചാരണം അഭിപ്രായപ്പെട്ടു.

കേരളത്തിലെ വിവിധ ആത്മീയ കേന്ദ്രങ്ങളിൽ ഈ അടുത്ത കാലത്തുണ്ടായ സംഭവങ്ങൾ അവഗണിക്കാവുന്നതല്ല. വിവിധ ആത്മീയ കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചുവെന്നു പറയുന്ന പൈശാചിക ബോധനം വ്യാജ ആത്മീയതയുടെ ആഴമാണ് ബോധ്യപ്പെടുത്തുന്നത്. പാവപ്പെട്ട കുടുംബങ്ങളെ ഇത്തരം അബദ്ധങ്ങൾ ചെയ്യുന്നതിലേക്ക് പ്രേരിപ്പിച്ചവരും ഗൂഢാലോചന നടത്തിയവരുമാണ് യഥാർഥ പ്രതികൾ.

സംഗമം വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ വൈസ് ചെയർമാൻ അബൂബക്കർ സലഫി ഉദ്ഘാടനം ചെയ്തു. കെ.പി.സി.സി ജന: സെക്രട്ടറി എൻ.സുബ്രഹ്മണ്യൻ, മുസ്ലിം യൂത്ത് ലീഗ് നാഷണൽ കമ്മിറ്റി ജന: സെക്രട്ടറി സി.കെ സുബൈർ, സി.പി സലീം, മുജാഹിദ് ബാലുശ്ശേരി എന്നിവർ പ്രഭാഷണം നടത്തി. ഐ.എസ്.എം ജന: സെക്രട്ടറി കെ. സജ്ജാദ്, വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ കോഴിക്കോട് സൗത്ത് ജില്ലാ പ്രസിഡണ്ട് ഉമ്മർ അത്തോളി, സെക്രട്ടറി വി.ടി ബഷീർ എന്നിവർ പങ്കെടുത്തു.

## ഐ.എസ്.എം 'മവദ്ദ' മാർഗനിർദേശക ക്യാംപ് സമാപിച്ചു

കോഴിക്കോട്: ജീവിതലക്ഷ്യത്തെ കുറച്ച് ശരിയായ അവബോധം നേടുന്ന വ്യക്തികൾക്കേ സന്തുഷ്ടകരമായ ദാമ്പത്യം സാധ്യമാകൂ എന്ന് ഐ.എസ്.എം സംസ്ഥാന സമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നവദമ്പതിമാർക്കായുള്ള മാർഗനിർദേശക ക്യാമ്പ് അഭിപ്രായപ്പെട്ടു.

കുടുംബബന്ധങ്ങളുടെ പവിത്രതയും ശാക്തീകരണവും ലക്ഷ്യമാക്കി കോഴിക്കോട് പുതിയറ ഹോട്ടൽ സ്പാനിൽ സംഘടിപ്പിച്ച ക്യാംപ് സൗദി അറേബ്യയിലെ കിംഗ് ഖാലിദ് യൂനിവേഴ്സിറ്റി അസി. പ്രൊഫസർ ഡോ. കെ.മുഹമ്മദ് ശഹീർ ഉദ്ഘാടനം ചെയ്തു. ഐ.എസ്.എം സംസ്ഥാന സമിതി പ്രസിഡണ്ട് ഡോ. സി.എം സാബിർ നവാസ് അധ്യക്ഷത വഹിച്ചു.

ക്യാംപ് അംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിസ്ഡം ഗ്ലോബൽ ഇസ്ലാമിക് മിഷൻ വൈസ് ചെയർമാൻ കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ വിതരണം ചെയ്തു.

പ്രൊഫ. ഹാരിസ് ബിൻ സലീം, സി.പി. സലീം, ജുബൈൽ ഇന്ത്യൻ ഇസ്ലാഹി സെന്റർ ജന: സെക്രട്ടറി അർഷദ് ബിൻ ഹംസ, ഡോ. മുഹമ്മദ് കുട്ടി കണ്ണിയൻ, ഡോ മീന, ഡോ. കെ. ഷഹദാദ്, കെ.സജ്ജാദ്, താജുദ്ദീൻ സ്വലാഹി, മുജീബ് ഒട്ടുമ്മൽ, അബ്ദുല്ല ഫാസിൽ, സി.മുഹമ്മദ് റാഫി, ഡോ. മുഹമ്മദ് റഫീഖ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

അബൂ ഹൈസ
mail@nerpatham.com

ഹദീസ് പാഠം

# പരിഹസിച്ച് പാപ്പരായവർ

**അബൂ ഹുറയ്റ﷛യിൽ നിന്ന് നിവേദനം: നബി﷜ ചോദിച്ചു: പാപ്പരായവർ ആരാണെന്ന് അറിയുമോ? സ്വഹാബിമാർ പറഞ്ഞു: പണവും വിഭവവും ഇല്ലാത്തവരാണ് പാപ്പരായവർ. പ്രവാചകൻ﷜ പറഞ്ഞു: എന്റെ സമുദായത്തിലെ പാപ്പരായവൻ ഇവനാണ്-നമസ്കാരവും നോമ്പും സകാത്തുമായി അവൻ വരും. പക്ഷെ, അവൻ ഒരുത്തനെ ശകാരിച്ചിരിക്കും. മറ്റൊരുത്തനെപ്പറ്റി ദുഷ്പരാതി പറഞ്ഞിരിക്കും. വേറൊരുത്തന്റെ സ്വത്ത് തിന്നിരിക്കും, മറ്റൊരുത്തന്റെ രക്തം ചിന്തിയിരിക്കും. അങ്ങനെ അവർക്കൊക്കെ അവന്റെ പുണ്യങ്ങളെടുത്ത് കൊടുക്കും. അവന്റെ കടം തീരുന്നതിന് മുമ്പ് പുണ്യം കഴിഞ്ഞുപോയാൽ അവരുടെ പാപമെടുത്ത് ഇവന് കൊടുക്കും. അങ്ങനെ അവൻ നരകത്തിലേക്ക് തള്ളപ്പെടും. (മുസ്‌ലിം)**

'ശവം തിന്നുക.' ആക്ഷേപപ്രയോഗത്തിന്റെ സർവ സ്വാധീനവുമുൾക്കൊണ്ട വാചകമാണിത്. ഊഹത്തിന്റെ അടിസ്ഥാനത്തിൽ തന്റെ സഹോദരനെപ്പറ്റി അപവാദങ്ങൾ പ്രചരിപ്പിക്കുന്നവനെക്കുറിച്ച് മേൽപ്രയോഗമാണ് ക്വുർആൻ എടുത്തുദ്ധരിക്കുന്നത്.

"സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു"(49:12)

മസ്ജിദുൽ ഹറമിനെപ്പോലെ, പുണ്യകരമായ ദുൽഹിജ്ജ മാസത്തെപ്പോലെ, അറഫാദിനത്തെപ്പോലെ തന്റെ സഹോദരങ്ങളുടെ സ്വത്തിനും രക്തത്തിനും അഭിമാനത്തിനും വിലകൽപ്പിക്കുന്നവനാണ് സത്യവിശ്വാസി. നബി﷜യുടെ അവസാനനാളുകളിൽ നടന്ന ഹജ്ജത്തുൽ വദാഇലെ പ്രഭാഷണത്തിലാണ് നബി﷜ ഇക്കാര്യം ഉദ്ഘോഷിക്കുന്നത്. മറ്റുള്ളവരുടെ അഭിമാനത്തിന് വിശ്വാസി നൽകുന്ന പ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്നതാണ് ഈ വാചകങ്ങൾ.

തന്റെ സുഹൃത്തിന്റെ ചാരത്ത് വെച്ചോ അഭാവത്തിലോ അവരെ ഭത്സിക്കുകയോ മോശപ്പെട്ട പ്രയോഗങ്ങൾ നടത്തുകയോ ചെയ്യുന്നവരെയാണ് ഇസ്‌ലാം തിരുത്തുന്നത്. ആരെങ്കിലും ഇങ്ങനെ പരനിന്ദ ചെയ്തുകഴിഞ്ഞാൽ പരലോകത്ത് ശിക്ഷിക്കപ്പെടുമെന്നും അല്ലെങ്കിൽ പശ്ചാത്തപിക്കണമെന്നുമാണ് നബി﷜ പഠിപ്പിച്ചിരിക്കുന്നത്. അല്ലാത്തവർ അക്രമികളുടെ ഗണത്തിലാണ്. ഇത്തരം അപവാദപ്രചരണങ്ങളിൽ പങ്കാളികളായി പശ്ചാത്തപിക്കാതെ മരണപ്പെട്ടവരെക്കുറിച്ച് പ്രവാചകൻ മുന്നറിയിപ്പ് നൽകുന്നുണ്ട്. അബൂഹുറയ്റ﷛യിൽ നിന്നും നിവേദനം: നബി﷜ പറഞ്ഞു: "ആരെങ്കിലും തന്റെ അഭിമാനത്തെ വ്യണപ്പെടുത്തിക്കൊണ്ടോ മറ്റോ ദ്രോഹിച്ചിട്ടുണ്ടെങ്കിൽ സ്വർണവും വെള്ളിയും ഉപയോഗപ്പെടാത്ത അന്ത്യനാൾ വരുന്നതിന് മുമ്പ് അയാളോട് അവൻ മാപ്പുചോദിച്ച് പാപമോചനം നേടിക്കൊള്ളട്ടെ, തന്റേതായ വല്ല സൽകർമങ്ങളും ഉണ്ടെങ്കിൽ അവന്റെ പാപങ്ങളുടെ തോതനുസരിച്ച് അവനിൽ നിന്ന് പിടിച്ചെടുക്കപ്പെടും. ഇനി അവന്റെ പക്കൽ നന്മകളൊന്നുമില്ലെങ്കിൽ മർദിതന്റെ പാപത്തിൽ നിന്നെടുത്ത് അക്രമിയുടെ മേൽ ചാർത്തപ്പെടുന്നാണ്" (ബുഖാരി)

ഇഹലോകജീവിതത്തിൽ ധാരാളം നന്മകൾ ചെയ്യുകയും, എന്നാൽ തന്റെ നാവ് വരുത്തിവെച്ച വിനയാൽ അതെല്ലാം അന്യർക്ക് കൊടുക്കേണ്ടി വരികയും ചെയ്യുന്ന നിർഭാഗ്യമൊന്നാലോചിച്ചു നോക്കൂ! പൈശാചികപ്രേരണയാൽ തന്റെ സഹോദരനിൽ അനിഷ്ടം കണ്ടെത്തി അത് വിളിച്ച് പറഞ്ഞ് ജീവിതാവസാനം വരെ ചെയ്തുകൂട്ടിയ നന്മകളെ നിഷ്പ്രഭമാക്കിക്കളയുന്ന ഇത്തരം ദുഷിച്ച ചിന്തകളിൽ നിന്ന് പടച്ചവൻ നമ്മെ കാത്തുരക്ഷിക്കുമാറാകട്ടെ. (ആമീൻ)

# അവതരിപ്പിക്കുന്നു, കൂടുതൽ പുതുമകളോടെ...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 2ാം വർഷത്തിലേക്ക്



ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio
Tune to reality

Scan QR Code

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio | Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com | radiopeace | peaceradionow | +91 9544795099

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 12 August 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# ALCHEMY

## Arts and Science Students CONFERENCE

## KOZHIKODE

2017 AUGUST 25, 26

EMPOWER
campus chapter

MSM KERALA, EKP Complex, Kallai Road, Calicut 02
Contact: +91 81568 12292, 99959 81556
www.msmkerala.co.in